

വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2014
നവംബർ

Volume V Issue 62

Times of America Online Weekly News Journal.
web:**mytimesofamerica.com**

Tel: 267-991-2111
e-mail:**timesofamerica@yahoo.com**


വിചാരകേരളം ▶ 3

ജോർജ് തഴക്കര



## നവതി പിന്നിടുന്ന ക്ഷേത്രപ്രവേശനസമരം

തെക്കൻ കേരളത്തിൽ അയ്യൻകാളിയും, ചട്ടമ്പിസ്വാമികളും, ശ്രീശുഭാനന്ദഗുരുവും പോരാടിയപ്പോൾ കൊച്ചിപ്രദേശത്ത് പണ്ഡിറ്റ് കറുപ്പനും, കെ.കേളപ്പനും, എ.കെ.ഗോപാലനും, പാലക്കാട്ട് അയ്യത്താൻ ഗോവിന്ദനും, കോഴിക്കോട്ട് മഞ്ചേരി രാമയ്യനും സാമൂഹ്യസമത്വത്തിനുവേണ്ടിയുള്ള പോരാട്ടം നടത്തി. വാഗ്ഭടാനന്ദന്റെയും ബ്രഹ്മാനന്ദശിവയോഗിയുടേയും ധീരമായ നിലപാടുകൾ ഹൈന്ദവസമൂഹത്തിൽ പരിവർത്തനം വരുത്തി. ലണ്ടൻ മിഷൻ സൊസൈറ്റിയുടെ പള്ളിയിൽ നടന്ന ഞായറാഴ്ച പ്രാർത്ഥനയിൽ പങ്കെടുത്തുകൊണ്ടാണ് കേരള സി.വി.കുഞ്ഞുരാമൻ ആരാധനാലയങ്ങളിലെ സ്വാതന്ത്ര്യത്തിനുവേണ്ടി വാദിച്ചത്

## ഇറാക്കിലെ അൽബു നിമർ വിഭാഗത്തിലെ 85 പേരെ കൊലപ്പെടുത്തി

ബാഗ്ദാദ്: ഇറാക്കിലെ അൽബു നിമർ വിഭാഗത്തിലെ എൺപത്തഞ്ചിലധികം ആളുകളെ ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദികൾ കൊലപ്പെടുത്തി.

ഐഎസിന്റെ കടന്നുകയറ്റത്തിനെതിരേ സംഘടിച്ചതിനാണ് ഇവരെ കൊലപ്പെടുത്തിയതെന്ന് നിമർ ഗോത്ര തലവൻ പറഞ്ഞു.

അതേസമയം, 1273 ഇറാക്കികൾ ഒക്ടോബറിൽ നടന്ന വിവിധ ആക്രമങ്ങളിൽ കൊല്ലപ്പെട്ടുവെന്നു യുഎൻ റിപ്പോർട്ട്. ഇവരിൽ 856 സാധാരണക്കാരും 417 സുരക്ഷാ സേനാംഗങ്ങളും ഉൾപ്പെടും. സെപ്റ്റംബറിൽ 1119 ഇറാക്കികൾ ഇസ്ലാമിക് സ്റ്റേറ്റ് പ്രവർത്തകരുടെ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടിരുന്നു.

# സ്പേസ് ടൂറിസ്റ്റ് പേടകം തകർന്നു, പൈലറ്റ് മരിച്ചു



വാഷിംഗ്ടൺ: റിച്ചാർഡ് ബ്രാൻസന്റെ ബഹിരാകാശ ടൂറിസം പദ്ധതിക്കായി നിർമ്മിച്ച സ്പേസ്ഷിപ്-2 പേടകം പരീക്ഷണ പറക്കലിൽ തകർന്നു.

വിക്ഷേപണത്തിനുപയോഗിച്ച റോക്കറ്റിൽനിന്നും വേർപെട്ടയുടനെയാണ് പൊട്ടിത്തെറിയുണ്ടായത്. പേടകം കാലിഫോർണിയയിലെ മൊജാവെ മരുഭൂമിയിൽ ചിതറിതെറിച്ചു. പൈലറ്റിന്റെ മൃതശരീരം സീറ്റ്ബെൽറ്റിൽ കുടുങ്ങിയ നിലയിൽ കണ്ടെത്തി.

ഇന്ത്യക്കാരുൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എണ്ണൂറിലേറെ പേർ ഇതിനകം രണ്ടരലക്ഷം ഡോളർ നൽകി ബഹിരാകാശ സഞ്ചാരത്തിന് തയ്യാറെടുത്തിരിക്കുന്ന സന്ദർഭത്തിലാണ് അതിനായുള്ള പേടകം കന്നിയാത്രയിൽ പൊട്ടിച്ചിതറിയത്. പരീക്ഷണ പറക്കൽ വിജയിച്ചാൽ 2015ൽ വാണിജ്യാടിസ്ഥാനത്തിൽ യാത്ര തുടങ്ങാനിരിക്കുകയായിരുന്നു പേടകം.

വിക്ഷേപണത്തിനുപയോഗിച്ച റോകറ്റ് വിജയകരമായി നിലംതൊട്ടു. വ്യോമഗതാഗതത്തിനു ഇതുവരെ ഉപയോഗിക്കപ്പെടുത്താത്ത പ്രത്യേകതരം ഇന്ധനമാണ് ഇതിലുപയോഗിച്ചിരുന്നത്. പ്ലാസ്റ്റിക്കിൽ നിന്നുള്ള പോളിയാമൈഡ് ഗ്രെയിൻ ഇന്ധനം ആവശ്യമായ പരിശോധനകൾക്കുശേഷമാണ് ഉപയോഗപ്പെടുത്തിയതെന്ന് കമ്പനി അവകാശപ്പെട്ടുവെങ്കിലും ഇതാണോ ദുരന്തകാരണമെന്ന് അന്വേഷിച്ചുവരികയാണ്.

## യുഎൻ പാനലിൽ ഇന്ത്യക്കാരനായ റിട്ട. ലഫ്റ്റനന്റ് ജനറൽ

ന്യൂയോർക്ക്: സമാധാന പരിപാലനത്തിനു പുതിയ സാങ്കേതിക വിദ്യയും കണ്ടുപിടിത്തങ്ങളും എങ്ങനെ ഉപയോഗിക്കാം എന്നു ഐക്യരാഷ്ട്ര സഭയ്ക്കു നിർദേശം നൽകുന്ന 5 വിദഗ്ധ പാനലിൽ ഇന്ത്യക്കാരനായ റിട്ട.ലഫ്റ്റനൻറ് ജനറൽ അഭിജിത് ഗുഹ നിയമിതനായി.യുഎൻ സെക്രട്ടറി ജനറൽ ബാൻകി മൂൺ ആണ് നിയമനം നടത്തിയത്. യുദ്ധത്തിൽ പരിക്കേറ്റവരുടെയും ചൂഷണങ്ങൾക്കു വിധേയരാകുന്ന വരുടെയും സംരക്ഷണവും പരിപാലനവുമാണ് പ്രധാനമായും പാനലിന്റെ ലക്ഷ്യം.

## കനേഡിയൻ പാർലമെന്റ് ആക്രമണം ആസൂത്രിതം: സ്റ്റേറ്റ് സെക്രട്ടറി ജോൺ കെറി



ഒട്ടാവോ: കനേഡിയൻ പാർലമെന്റിനും ദേശീയ യുദ്ധസ്മാരകത്തിനും നേരേ കഴിഞ്ഞയാഴ്ച നടന്ന ആക്രമണം ഭീകരർ ആസൂത്രണം ചെയ്തതാണെന്നു യുഎസ് സ്റ്റേറ്റ് സെക്രട്ടറി ജോൺ കെറി.

നിറതോക്കുമായി മുൻകൂട്ടി നിശ്ചയിച്ച വഴിയിലൂടെ നീങ്ങി യൂണിഫോമിലുള്ളവരെ ആക്രമിച്ചശേഷം പാർമെന്റിലേക്കു നീങ്ങുന്നതു സാമാന്യബുദ്ധിയിൽ ഭീകരാക്രമണം തന്നെയാണ്- കനേഡിയൻ വിദേശകാര്യമന്ത്രി ജോൺ ബിയാർഡുമൊത്തു നടത്തിയ വാർത്താ സമ്മേളനത്തിൽ ജോൺ കെറി വ്യക്തമാക്കി.

കഴിഞ്ഞവർഷം യുഎസ് സ്റ്റേറ്റ് സെക്രട്ടറി പദം ഏറ്റെടുത്തശേഷം ആദ്യമായാണു ജോൺ കെറി കാനഡയിലെത്തുന്നത്. മേഖലയിലെ സുരക്ഷാകാര്യങ്ങൾ ഇരുവരും ചർച്ചചെയ്തു. സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കാനും രഹസ്യാന്വേഷണ വിവരങ്ങൾ കൈമാറുന്നതിനുള്ള ചർച്ചകളും ഇരുരാജ്യങ്ങളും നടത്തി.











## മുൻ ഭാര്യയെ കൊലപ്പെടുത്തിയ കേസിൽ ഇന്ത്യൻ വംശജന് ജീവപര്യന്തം





മരിലാന്റ്: മുൻ ഭാര്യയെ കൊലപ്പെടുത്തിയ കേസിൽ ഭർത്താവിനും രണ്ടാം ഭാര്യയും കുറ്റക്കാരാണെന്ന് കോടതി വിധിച്ചു. ഭർത്താവിനു ജീവപര്യന്തം ജയിൽ ശിക്ഷ വിധിച്ചു. ഭാര്യയുടെ വിധി പിന്നീട്.

മുൻ ഭാര്യ പ്രീത ഗാബയെ (49) ഭർത്താവ് ബാൽഡിയൊ തനേജയും (63) രണ്ടാം ഭാര്യ രമീന്ദർ കൗറും (63) ചേർന്ന് വെടിവച്ച് കൊലപ്പെടുത്തിയെന്നാണ് പ്രോസിക്യൂഷൻ കേസ്.

2013 ഒക്ടോബർ 12നാണ് കേസിനാസ്പദമായ സംഭവം നടന്നത്. നാഷ്‌വില്ല ടൗണിൽ നിന്നും ജർമൻ ടൗണിലേക്ക് ഡ്രൈവ് ചെയ്ത് അവിടെ വച്ച് മുൻ ഭാര്യ പ്രീതയെ വെടിവച്ചതിനുശേഷം ഇരുവരും നാഷ്‌വില്ലയിലേക്ക് മടങ്ങിയെന്നാണ് പോലീസ് കേസ്.

ഒക്ടോബർ 15ന് മോണ്ട്ഗോമറി കൗണ്ടി സർക്യൂട്ട് കോടതി ഭർത്താവ് ബാൽഡിയോയെ ജീവപര്യന്തം തടവിന് ശിക്ഷിച്ചു. 2002 ൽ ഇന്ത്യയിൽ വച്ചാണ് ബാൽഡിയ പ്രീതയെ വിവാഹം കഴിച്ചത്. 2010ൽ വിവാഹ ബന്ധം വേർപിരിഞ്ഞു. മുൻ ഗേൾ ഫ്രന്റായിരുന്ന രമീന്ദർ കൗറിനെ ഭാര്യയായി സ്വീകരിച്ചു. തുടർന്നുണ്ടായ കുടുംബ പ്രശ്നങ്ങളാണ് പ്രീതയുടെ കൊലപാതകത്തിൽ അവസാനിച്ചത്.

ഒഹായൊ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് ബിരുദം നേടിയിട്ടുള്ള ബാൽഡിയൊ റോക്ക് വില്ലായിലുള്ള ഫാർമസിക്യൂട്ടിക്കൽ കമ്പനിയിലെ ഉദ്യോഗസ്ഥനായിരുന്നു.

പി.പി. ചെറിയാൻ

## ഗയാനയിൽ മലയാളി കുത്തേറ്റു മരിച്ചു

ഏറ്റുമാനൂർ: കുടമാളൂർ സ്വദേശിയായ മെയിൽ നഴ്സ് ഗയാനയിൽ അക്രമികളുടെ കുത്തേറ്റു മരിച്ചു. കുടമാളൂർ കാച്ചപ്പള്ളിൽ ജയിംസിന്റെ മകൻ ജയിംസ് പീറ്റർ(30) ആണ് മരിച്ചത്. വ്യാഴാഴ്ച രാവിലെയാണ് സംഭവം.

ഗയാനയിൽ ഒപ്പം ജോലി ചെയ്യുന്ന മലയാളി സുഹൃത്തുക്കൾക്കൊപ്പം ദീപാവലി ആഘോഷിച്ചശേഷം താമസസ്ഥലത്തേക്കു മടങ്ങുംവഴിയാണു ദുരന്തമുണ്ടായത്. കൂട്ടുകാർക്കൊപ്പം നടക്കുന്നതിനിടെ പീറ്ററിന്റെ മൊബൈൽ ഫോൺ ശബ്ദിച്ചു. പോക്കറ്റിൽനിന്നു ഫോൺ എടുക്കാൻ ശ്രമിക്കുന്നതിനിടെ റോഡരികിൽ നിന്നിരുന്ന നാട്ടുകാരായ ചിലർ മൊബൈൽഫോൺ തട്ടിയെടുക്കാൻ ശ്രമിച്ചു. ഇതു ചെറുക്കുന്നതിനിടെ അക്രമികൾ കൈവശമുണ്ടായിരുന്ന കത്തികൊണ്ടു കഴുത്തിൽ കുത്തുകയായിരുന്നു.

ഇതേസമയം, ഈ സംഭവങ്ങൾ ഒന്നുമറിയാതെ സുഹൃത്തുക്കൾ മുമ്പോട്ടു നടന്നിരുന്നു. കുത്തേറ്റ പീറ്റർ സുഹൃത്തുക്കളുടെ ഒപ്പമെത്തി വിവരം പറയുകയും സുഹൃത്തുക്കൾ ചേർന്ന് ആശുപത്രിയിൽ എത്തിക്കുകയുമായിരുന്നു. ആശുപത്രിയിലെത്തി അധികം വൈകാതെ മരണം സംഭവിച്ചു.

മൃതദേഹം മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. ശനിയാഴ്ചയേ പോസ്റ്റ്മോർട്ടം നടക്കുകയുള്ളുവെന്നാണ് അറിയുന്നത്. ജോസ് കെ. മാണി എംപി ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ടെങ്കിലും ഇന്നലെ അവധിയായിരുന്നതിനാൽ ക്രമീകരണങ്ങളൊന്നും നടന്നിട്ടില്ല. ഇന്ന് എംബസിയുമായി ബന്ധപ്പെട്ടശേഷമേ പോസ്റ്റ്മോർട്ടം സംബന്ധമായ കാര്യങ്ങളിലും മൃതദേഹം നാട്ടിലേക്കു കൊണ്ടുവരുന്നതു സംബന്ധിച്ച കാര്യങ്ങളിലും കൃത്യത ലഭിക്കുകയുള്ളൂ.

നാലുവർഷം മുമ്പാണു ജയിംസ് പീറ്റർ ഗയാനയിൽ ജോലിയിൽ പ്രവേശിച്ചത്. വിവാഹത്തിനുവേണ്ടി അടുത്ത ജനുവരിയിൽ നാട്ടിൽ വരാനിരിക്കുകയായിരുന്നു. അഞ്ചുവർഷമായി ഗയാനയിൽ നഴ്സായി ജോലിചെയ്യുന്ന ഇരട്ട സഹോദരൻ ജോസഫ് പീറ്റർ ഇപ്പോൾ അവധിക്കു നാട്ടിലുണ്ട്. മാതാവ് റോസമ്മ കൈനകരി കാഞ്ഞിരവേലി കുടുംബാംഗം. സഹോദരി: ജസ്റ്റി ജയിംസ്.

## സാംബിയയുടെ പ്രസിഡന്റ് സാറ്റ അന്തരിച്ചു



ലണ്ടൻ: ആഫ്രിക്കൻ രാജ്യമായ സാംബിയയുടെ പ്രസിഡന്റ് മൈക്കിൾ സാറ്റ (77) അന്തരിച്ചു. വെളിപ്പെടുത്താൻ കഴിയാത്ത രോഗത്തെത്തുടർന്നു പ്രസിഡന്റ് ലണ്ടനിൽ ചികിത്സയിലായിരുന്നുവെന്നു സർക്കാർ അറിയിച്ചു. ചൊവ്വാഴ്ചയാണു പ്രസിഡന്റ് മരിച്ചതെന്നു സാംബിയൻ മന്ത്രിസഭയുടെ സെക്രട്ടറി റോളണ്ട് മ്സിസാക പ്രസ്താവനയിൽ അറിയിച്ചു. അന്ത്യസമയത്തു ഭാര്യ ക്രിസ്റ്റീനയും മറ്റു കുടുംബാംഗങ്ങളും ഒപ്പമുണ്ടായിരുന്നു.

കഴിഞ്ഞ 19നാണ് ചികിത്സയ്ക്കായി പ്രസിഡന്റും ബന്ധുക്കളും ലണ്ടനിലേക്കു തിരിച്ചത്. ഇതിനുശേഷം അദ്ദേഹത്തിന്റെ ആരോഗ്യനിലയെനക്കുറിച്ചുള്ള വിവരങ്ങൾ സർക്കാർ പുറത്തുവിട്ടിരുന്നില്ല. മാത്രമല്ല ബ്രിട്ടനിൽനിന്നു സ്വാതന്ത്ര്യം നേടിയതിന്റെ അൻപതാം വാർഷികം ഒരാഴ്ച ആഘോഷമായി കൊണ്ടാടുകയും ചെയ്തു. പ്രസിഡന്റാകുംമുമ്പ് ലണ്ടനിൽ റെയിൽവേ പോർട്ടറായി ജോലി ചെയ്യുകയായിരുന്നു രാജവെമ്പാല എന്ന് എതിരാളികൾ വിളിക്കുന്ന സാറ്റ.

## സംഘർഷം: ജറുസലമിലെ പുണ്യകേന്ദ്രം അടച്ചുപൂട്ടി

ഗാസാ സിറ്റി: ജറുസലമിലെ പുണ്യകേന്ദ്രം അടച്ചുപൂട്ടാനുള്ള ഇസ്രയേലിന്റെ തീരുമാനം യുദ്ധപ്രഖ്യാപനമാണെന്നു പലസ്തീൻ നേതാവ് മഹ്മൂദ് അബ്ബാസിന്റെ വക്താവ്. ഇതിനെതിരേ നിയമനടപടി സ്വീകരിക്കുമെന്നും പലസ്തീൻ അറിയിച്ചു. പുണ്യകേന്ദ്രം അടച്ചുപൂട്ടാനുള്ള തീരുമാനത്തെത്തുടർന്നു മേഖലയിൽ വീണ്ടും സംഘർഷം ഉരുണ്ടുകൂടുകയാണ്.

ടെമ്പിൾ മൗണ്ട് എന്നും അൽ ഹറാം അൽ ഷരിഫ് എന്നും അറിയപ്പെടുന്ന പുണ്യകേന്ദ്രത്തിനു സമീപം വെടിവയ്പിൽ ജൂതമത വിശ്വാസിക്കു പരിക്കേറ്റതിനെത്തുടർന്നാണ് അടച്ചുപൂട്ടാൻ തീരുമാനിച്ചതെന്ന് ഇസ്രയേൽ വിശദീകരിക്കുന്നു. ഇയാളെ വെടിവച്ചുവെന്നു കരുതുന്ന പലസ്തീൻകാരനെ ഇസ്രേലി പോലീസ് വധിച്ചു. നെഞ്ചിലും വയറിലും വെടിയേറ്റ ജൂതമത വിശ്വാസിയെ ആശുപത്രിയിലേക്കു മാറ്റി.

അറബ്- ഇസ്രേലി തർക്കത്തിന്റെ മുഖ്യവിഷയങ്ങളിലൊന്ന് ഈ പുണ്യസ്ഥലത്തിന്റെ ഉടമസ്ഥാവകാശമാണ്. മേഖലയിൽ ആരാധനാസ്വാതന്ത്ര്യം അനുവദിക്കുന്നുണ്ടെന്ന് ഇസ്രയേൽ ആവർത്തിച്ചു.

## വിക്ഷേപിച്ച ഉടൻ സ്വകാര്യറോക്കറ്റ് കത്തി പേടകം നഷ്ടപ്പെട്ടു



വാഷിംഗ്ടൺ: അമേരിക്കൻ ബഹിരാകാശ ഗവേഷണ സ്ഥാപനമായ നാസയുടെ കാർഗോ ബഹിരാകാശ പേടകം വിക്ഷേപിച്ചു നിമിഷങ്ങൾക്കകം തീപിടിച്ചു കത്തിയമർന്നു. ആളില്ലാ ബഹിരാകാശപേടകവുമായി പറന്നുപൊങ്ങിയ റോക്കറ്റ് വിക്ഷേപിച്ച് ആറു സെക്കൻഡിള്ളിൽ പൊട്ടിത്തെറിക്കുകയായിരുന്നു. ബഹിരാകാശത്തു കഴിയുന്ന ശാസ്ത്രജ്ഞർക്കുള്ള സാധനങ്ങൾ എത്തിച്ചു നൽകുന്നതിനു അടുത്തിടെ സ്വകാര്യസംരംഭകരെ നാസ അനുവദിച്ചിരുന്നു. ഇതിനു ശേഷമുണ്ടായ ആദ്യ അപകടമാണു വിർജീനിയയിലെ വിക്ഷേപണകേന്ദ്രത്തിലുണ്ടായത്.

14 നിലകളുള്ള റോക്കറ്റ് നിർമിച്ചതും വിക്ഷേപിച്ചതും ഓർബിറ്റൽ സയൻസ് ഗ്രൂപ്പാണ്. സ്പേസ് സ്റ്റേഷനിലുള്ള ശാസ്ത്രജ്ഞർ റോക്കറ്റ് തകരുന്നതു നാസയുടെ ടിവി ഫീഡിലൂടെ നേരിട്ടുകണ്ടു. നാസയിലെ രണ്ട് ശാസ്ത്രജ്ഞർക്കൊപ്പം യൂറോപ്യൻ സ്പേസ് ഏജൻസിയിലെ ശാസ്ത്രജ്ഞനും മൂന്ന് റഷ്യൻ ബഹിരാകാശ സഞ്ചാരികളുമാണു സ്പേസ് സ്റ്റേഷനിലുള്ളത്.

ഈ വർഷം രണ്ടുതവണ സാധാനങ്ങളുമായി പേടകം ബഹിരാകാശകേന്ദ്രത്തിലെത്തിയിരുന്നു. ആഹാരവും വിവിധ ശാസ്ത്രോപകരണങ്ങളും സ്റ്റേഷനിലെത്തിക്കുകയായിരുന്നു ദൗത്യത്തിന്റെ ലക്ഷ്യം.

ബുധനാഴ്ച സമാനമായ പേടകം റഷ്യ വിക്ഷേപിക്കുന്നുണ്ട്. ശാസ്ത്രജ്ഞർ തത്കാലം റഷ്യൻ പേടകത്തിൽ നിന്നുള്ള സഹായം സ്വീകരിക്കുമെന്നു നാസ അറിയിച്ചു.

സംഭവത്തെക്കുറിച്ചു വിശദമായി അന്വേഷിക്കുമെന്ന് ഓർബിറ്റൽ സയൻസ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഫ്രാങ്ക് കുൾബെർട്സൺ പറഞ്ഞു. റോക്കറ്റ് പറന്നുപൊങ്ങിയ ഉടൻ പുകപടലങ്ങളിൽ മുങ്ങുകയായിരുന്നുവെന്നാണ് അപകടത്തിന്റെ ടെലിവിഷൻ ദൃശ്യങ്ങൾ സൂചിപ്പിക്കുന്നത്. സംഭവത്തെത്തുടർന്നു യുഎസിലെ ബഹിരാകാശ കേന്ദ്രങ്ങളുമായി ബന്ധമുള്ള കമ്പനികളുടെ ഓഹരിമൂല്യത്തിൽ കനത്ത ഇടിവുണ്ടായി.

## ചൊവ്വയിലേക്ക് താമസം: ലൈംഗിക ജീവിതവും സന്താനോത്പാദനവും അസാധ്യമെന്നു ശാസ്ത്ര ലോകം

**എബി മക്കപ്പുഴ**

ഡാളസ്: ഡച്ച് കമ്പനിയായ മാർസ് വൺ ചൊവ്വയിലേക്ക് താമസക്കാരെ അയയ്ക്കാനുള്ള പദ്ധതിക്ക് തുടക്കമിടാനിരിക്കെ, ആശങ്കാജനകമായ വാർത്ത അമേരിക്കൻ സൊസൈറ്റി ഫോർ റീപ്രൊഡക്ടീവ് മെഡിസിന്റെ വാർഷിക സമ്മേളനത്തിൽ ശാസ്ത്രജ്ഞർ അറിയിച്ചു.

ചൊവ്വയെന്ന ചുവന്ന ഗ്രഹത്തെ താമസയോഗ്യമായ കോളനിയാക്കാൻ സാധിച്ചാൽ പോലും അവിടെ ലൈംഗിക ജീവിതവും സന്താനോത്പാദനവും നടക്കില്ലെന്ന് ശാസ്ത്രജ്ഞർ ഉറപ്പിച്ച് പറയുന്നത്.

ഭൂഗുരുത്വാകർഷണത്തിൽ വരുന്ന വലിയ വ്യതിയാനവും ഉയർന്ന റേഡിയേഷനും ലൈംഗിക ജീവിതത്തെ പ്രതികൂലമായി ബാധിക്കും. ഭൂഗുരുത്വബലം പൂജ്യമാവുന്ന സാഹചര്യത്തിൽ സന്താനോത്പാദനം അസാധ്യമാണെന്നാണ് ശാസ്ത്ര നിഗമനം. ഉയർന്ന റേഡിയേഷൻ അണ്ഡോത്പാദനത്തെയും ബീജോത്പാദനത്തെയും പ്രതികൂലമായി ബാധിക്കുമെന്ന് വ്യക്തമായിട്ടുണ്ട്.

കണ്ണുകളാണ് റേഡിയേഷൻ മൂലം പെട്ടെന്ന് തകരാറിലാവുന്ന മറ്റൊരു അവയവം. ഭൂഗുരുത്വാകർഷണമില്ലാത്ത സാഹചര്യത്തിൽ ഭ്രൂണത്തിനു വളരാൻ സാധിക്കുമോ എന്ന് കണ്ടെത്തേണ്ടതുണ്ടെന്നും ശാസ്ത്രജ്ഞർ പറഞ്ഞു.

എന്തായാലും മാർസ് വൺ കമ്പനി 2024 ൽ ആൾക്കാരെ ചൊവ്വ ഗ്രഹത്തിൽ താമസിപ്പിക്കാനുള്ള ശുഭപ്രതീക്ഷയുമായി മുന്നോട്ടു പോകുകയാണ്.



ജോർജ് തഴക്കര

# നവതി ക്ഷേത്രപ്രവേശനസമരം

**അ**യിത്തം ആചാരമായി അംഗീകരിച്ചിരുന്ന കേരളക്കരയെ അതിൽ നിന്നും മോചിപ്പിച്ച വിളംബരമായിരുന്നു ക്ഷേത്രപ്രവേശന വിളംബരം.

ശ്രേഷ്ഠജാതിക്കാർ നീചജാതിക്കാരെ തൊട്ടാൽ അശുദ്ധമാകുമെന്നതായിരുന്നു അക്കാലംവരെ നിലവിലിരുന്ന അയിത്തസമ്പ്രദായത്തിന്റെ പ്രത്യേകത. നായർ ബ്രഹ്മണനിൽനിന്നും പതിനാറ് അടി മാറിനിൽക്കണം. ഈഴവനും പുലയനും പറയനും നായരുടെ അടുത്തു ചെല്ലുവാൻ പാടില്ല. ക്ഷതത്തിൽനിന്നും ത്രാണം ചെയ്യുന്ന ക്ഷേത്രങ്ങൾ ജാതിക്കോമരങ്ങളുടെ പിടിയിലമർന്നിരുന്നു. ദൈവങ്ങൾക്കുതന്നെ മനുഷ്യൻ പതിത്വം കല്പിച്ചിരുന്നു. നരന് നരൻ അശുദ്ധനാകുന്ന ഇത്തരത്തിലുള്ള ജാതിയ സമ്പ്രദായം കൊടികുത്തിവാണിരുന്ന ഒരു കാലത്താണ് ബ്രിട്ടീഷ് അധിനിവേശത്തിലൂടെ പുതിയൊരു കാഴ്ചപ്പാടിലേക്ക് ഈ നാട് മാറിത്തുടങ്ങിയത്.

ജാതീയതയുടെ കാർക്കശ്യത നേരിട്ട് ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് വിവേകാനന്ദസ്വാമികൾ കേരളത്തെ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ചത്. തന്നോടൊപ്പമുള്ള എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ക്ഷേത്രത്തിൽ പ്രവേശിക്കാൻ അനുമതി നൽകിയെങ്കിൽ മാത്രമെ തനിക്കും ക്ഷേത്രപ്രവേശനം ആവശ്യമുള്ളുവെന്ന് അദ്ദേഹം നിർബന്ധിച്ചു. കൊടുങ്ങല്ലൂരിലും ഗുരുവായൂരിലും ക്ഷേത്രപ്രവേശനം അതിന്റെ പേരിൽ അദ്ദേഹത്തിന് നിഷേധിക്കപ്പെട്ടു. അതൊരു പരിവർത്തനത്തിന്റെ തുടക്കമായിരുന്നു. 1937ൽ ഗാന്ധിജി കേരളത്തെ ഒരു തീർത്ഥാലയമെന്ന് വിശേഷിപ്പിക്കത്തക്കവിധത്തിൽ ആ പരിവർത്തനം അതിശക്തമായി ജനഹൃദയങ്ങളിൽ വ്യാപരിച്ചു.

1889ൽ ശ്രീനാരായണഗുരു അരുവിപ്പുറത്തു നടത്തിയ ശിവപ്രതിഷ്ഠ സവർണ്ണമേധാവിത്വത്തിനെതിരെ ഉയർത്തിയ ധീരമായ പോരാട്ടമായിരുന്നു. തങ്ങൾ ആഗ്രഹിക്കുന്നത് മറ്റുള്ളവർക്കും നൽകണമെന്ന ആശയത്തിന്റെ പിൻബലത്തിൽ നിന്നുകൊണ്ട് തങ്ങളുടെതായ ക്ഷേത്രങ്ങൾ പിന്നാക്കവിഭാഗത്തിനായി തുറന്നു നൽകുകയും മുന്നാക്കവിഭാഗത്തിന്റേതായി കരുതപ്പെടുന്ന ക്ഷേത്രങ്ങളിൽ തങ്ങൾ ക്ക് പ്രവേശിക്കാൻ അർഹതയുണ്ടെന്നുമായിരുന്നു ആ പ്രതിഷ്ഠയിലൂടെ അദ്ദേഹം പ്രഖ്യാപിച്ചത്.

1920ൽ ടി.കെ.മാധവൻ വൈക്കം ക്ഷേത്രത്തിന്റെ പടിഞ്ഞാറെ വഴിയിലൂടെ നടന്നുകൊണ്ട് ഒരു പ്രാദേശിക പ്രശ്നത്തെ പൊതുസമൂഹത്തിന്റെ മുന്നിൽ തുറന്നുകാട്ടി. അതിന്റെ അലയൊലി മലയാളമനസ്സിൽ തേരോട്ടമാകുവാൻ അധികനാളുകൾ വേണ്ടിവന്നില്ല. പട്ടിക്കും പൂച്ചയ്ക്കും നായ്ക്കും നടക്കാമെങ്കിൽ മനുഷ്യനായി പിറന്ന ആർക്കും അതിനർഹതയുണ്ടെന്ന് വെളിപ്പെടുത്തുകയായിരുന്നു ആ സംഭവം. നാലു വർഷത്തിനു ശേഷം അതൊരു യാഥാർത്ഥ്യമായി പരിണമിച്ചു. വൈക്കം സത്യാഗ്രഹം വിജയകരമായി. സ്വാതന്ത്ര്യത്തിന്റെ അർത്ഥം വിദേശ മേൽക്കോയ്മയുടെ അവസാനമല്ലായെന്നും അത് ഇന്ത്യാമഹാരാജ്യത്തിലെ ഓരോ പൗരന്റെയും അർഹിക്കുന്ന സ്വാതന്ത്ര്യമാണെന്നുമായിരുന്നു അതു നൽകിയ പാഠം.

തെക്കൻ കേരളത്തിൽ അയ്യൻകാളിയും, ചട്ടമ്പിസ്വാമികളും, ശ്രീശുഭാനന്ദഗുരുവും പോരാടിയപ്പോൾ കൊച്ചിപ്രദേശത്ത് പണ്ഡിറ്റ് കറുപ്പനും, കെ.കേളപ്പനും, എ.കെ.ഗോപാലനും, പാലക്കാട്ട് അയ്യത്താൻ ഗോവിന്ദനും, കോഴിക്കോട്ട് മഞ്ചേരി രാമയ്യനും സാമൂഹ്യസമത്വത്തിനുവേണ്ടിയുള്ള പോരാട്ടം നടത്തി. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ദേശീയനേതാക്കളുടെ നിർദ്ദേശാനുസരണം പ്രാദേശിക നേതാക്കളും സമത്വത്തിനുവേണ്ടി പോരാടി. വാഗ്ഭടാനന്ദന്റെയും ബ്രഹ്മാനന്ദശിവയോഗിയുടേയും ധീരമായ നിലപാടുകൾ ഹൈന്ദവസമൂഹത്തിൽ പരിവർത്തനം വരുത്തി. ലണ്ടൻ മിഷൻ സൊസൈറ്റിയുടെ പള്ളിയിൽ നടന്ന ഞായറാഴ്ച പ്രാർത്ഥനയിൽ പങ്കെടുത്തുകൊണ്ടാണ് കേരള കൗമുദി പത്രാധിപർ സി.വി.കുഞ്ഞുരാമൻ ആരാധനാലയങ്ങളിലെ സ്വാതന്ത്ര്യത്തിനുവേണ്ടി വാദിച്ചത്. ക്ഷേത്രപ്രവേശനം ഹിന്ദുജനതയുടെ ആവശ്യമായിരുന്നുവെങ്കിലും അതൊരു ജനതയുടെ വൈകാരികമായ അവകാശമാണെന്നതായിരുന്നു അതി നെ കൂടുതൽ ജനകീയമാക്കിയത്. ബാരിസ്റ്റർ ജോർജ് ജോസഫിനെപ്പോലെയുള്ളവരുടെ പ്രവർത്തനത്തെ അത്തരത്തിലാണ് വിലയിരുത്തേണ്ടത്.

1924ൽ വൈക്കം സത്യാഗ്രഹത്തിന്റെ വിജയമാണ് തിരുവിതാംകൂർ രാജാവിനെ ഇത്തരത്തിലുള്ള ചിന്തയിലേക്ക് നയിച്ചത്.

ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ തിരുവിതാംകൂറിന്റെ ഭരണം ഏറ്റെടുത്ത നാൾമുതൽ ക്ഷേത്രപ്രവേശന വിഷയത്തിൽ ശ്രദ്ധിച്ചിരുന്നു. ഒരു തീരുമാനമെടുക്കുന്നതിനുമുമ്പായി ഈ വിഷയം പഠിച്ച് ഒരു സമഗ്രമായ റിപ്പോർട്ട് നൽകുന്നതിനായി മുൻ ദിവാൻ വി.എസ് സുബ്രഹ്മണ്യ അയ്യരുടെ നേതൃത്വത്തിൽ മഹാകവി ഉള്ളൂർ എസ് പരമേശ്വരയ്യരുൾപ്പെട്ട ഒരു ഒമ്പതംഗസമിതിയെ നിയോഗിച്ചു. മുൻവിധിയില്ലാതെ, ആധികാരിക ഗ്രന്ഥങ്ങളുടെ പിൻബലത്തിലും പൊതുജനങ്ങളുടെ അഭിപ്രായത്തിലും തയ്യാറാക്കിയ റിപ്പോർട്ട് രാജാവിന്റെ താല്പര്യത്തിന് അനുഗുണമായിരുന്നു. കമ്മറ്റിയുടെ പരിഗണനയിലിരിക്കുന്ന വിഷയത്തെക്കുറിച്ച് പൊതുജനങ്ങളിൽ നിന്നും അഭിപ്രായം അറിയുന്നതിനായി വിവിധ ഭാഷകളിൽ 5774 പേർക്ക് ചോദ്യാവലികൾ നൽകി. അവരിൽ ഏറെപ്പേരും സവർണ്ണജാതിയിൽ പെട്ടവരായിരുന്നു. അവരും ക്ഷേത്രപ്രവേശനം അംഗീകരിക്കണമെന്ന് നിർദ്ദേശിച്ചു. ഒരു രാജാവ് തന്റെ ജനങ്ങളുടെ താല്പര്യമറിഞ്ഞ് ജനഹിതപരിശോധന നടത്തിയ ചരിത്രം മറ്റെവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ എന്ന് അന്വേഷിക്കേണ്ടതാണ്. അമ്മ മഹാറാണിയുടെ ജന്മദിനമായ നവംബർ 12ന് 1936ൽ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചതോടുകൂടി തിരുവിതാംകൂർ ലോകഭൂപടത്തിൽ പുതിയൊരു അദ്ധ്യായം എഴുതിച്ചേർത്തു.

ഒരു ചെറിയ രാജവംശത്തിന്റെ വലിയ തീരുമാനം വലിയ രാജ്യങ്ങളിലെ രാജാക്കന്മാർക്ക് മാതൃകയാകട്ടെയെന്ന് ഗാന്ധിജി ആഗ്രഹം പ്രകടിപ്പിച്ചു. ആന്ധ്ര സർവ്വകലാശാലയും ബനാറസ് ഹിന്ദു സർവ്വകലാശാലയും ഉന്നത ബിരുദങ്ങൾ നൽകി അമ്മ മഹാറാണിയെയും ബാലരാമവർമ്മ മഹാരാജാവിനെയും ആദരിച്ചു. ഇതൊരു നാഴികക്കല്ലായിരുന്നു. ഇതിനെ അംഗീകരിച്ചുകൊണ്ട് തിരുവിതാംകൂറിലും പുറത്തും നിരവധി അനുമോദന സമ്മേളനങ്ങൾ നടന്നു. രാജ്യത്തി ന്റെ വിവിധ ഭാഗങ്ങളിൽ സ്തൂപങ്ങൾ ഉയർന്നു. ഈ മാറ്റത്തെ അംഗീകരിച്ചുകൊണ്ട് മലബാറിലും കൊച്ചിയിലും ക്ഷേത്രപ്രവേശന വിളംബരങ്ങൾ നടന്നു.

'ജനനാലോ, മതത്താലോ ഹിന്ദുവായ യാതൊരാൾക്കും നമ്മുടെ ഗവൺമെന്റിന്റെയും നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ ആരാധിക്കുന്നതിനോ ഇനിമേൽ യാതൊരു നിരോധനവും ഉണ്ടായിരിക്കാൻ പാടില്ലെന്നാകുന്നു' എന്നതായിരുന്നു വിളംബരത്തിന്റെ ചുരുക്കം. വിളംബരം നടത്തുമ്പോൾ രാജാവിന് 24 വയസുമാത്രം.

1925ൽ കേരളസന്ദർശനവേളയിൽ മഹാത്മജിയ്ക്കു നൽകിയ വാഗ്ദാനം പാലിക്കുവാൻ ഇതിലൂടെ രാജാവിന് കഴിഞ്ഞു. ആറു വർഷത്തിലൊരിക്കൽ നടത്തിയിരുന്ന മുറജപത്തെ ബഹിഷ്കരിച്ചുകൊണ്ട് സവർണ്ണമേധാവികൾ ഇതിനെ എതിർത്തെങ്കിലും ആ ഏതിർപ്പ് കാലം അവഗണിച്ചു.

# ബാർ ഉടമകളുടെ ഹർ ജി ഹൈക്കോടതി തള്ളി




കൊച്ചി: ഹൈക്കോടതി അനുമതി നിഷേധിച്ച ബാറുകൾ അടച്ചുപൂട്ടാൻ രണ്ടാഴ്ച സാവകാശം അനുവദിക്കണമെന്ന ബാർ ഉടമകളുടെ ഹർജി ഹൈക്കോടതി തള്ളി. ജസ്റ്റീസ് കെ. സുരേന്ദ്ര മോഹന്റേതാണ് ഉത്തരവ്.

ഹൈക്കോടതി ഉത്തരവിനെതിരേ അപ്പീൽ സമർപ്പിക്കുന്നതിനു സാവകാശം അനുവദിക്കണമെന്ന ആവശ്യം സുപ്രീം കോടതി തള്ളിയതാണെന്നും ഹർജിയിൽ എല്ലാ ബാറുടമകളുടെയും വാദം കേട്ടിരുന്നതായും ഹൈക്കോടതി ചൂണ്ടിക്കാട്ടി. ഈ സാഹചര്യത്തിൽ ഹർജിയിലെ വാദം നിലനിൽക്കുന്നില്ലെന്നു കണ്ടെത്തിയാണു ഹൈക്കോടതിയുടെ തീരുമാനം.

ഇന്നലെ ഉച്ചയ്ക്ക് 1.45നു ഹൈക്കോടതി ബാർ ലൈസൻസ് കേസിൽ വിധി പറഞ്ഞ ഉടൻതന്നെ അതേ ബെഞ്ചിൽ ബാറുടമകൾ ഹർജി സമർപ്പിക്കുകയായിരുന്നു. പിന്നീടു വൈകുന്നേരം നാലോടെ ഹർജിയിൽ വാദം കേട്ടു.

കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാറുകൾ ഉടൻ അടച്ചുപൂട്ടുന്നതു വൻ നഷ്ടം ഉണ്ടാക്കുമെന്നും അപ്പീൽ അനുവദിക്കുന്നതിനു സാവകാശം ലഭിച്ചില്ലെങ്കിൽ അപരിഹാര്യമായ നഷ്ടം ഉണ്ടാകുമെന്നും ബാർ ഉടമകളുടെ അഭിഭാഷകർ ചൂണ്ടിക്കാട്ടി. ബാറുകൾ അടച്ചു പൂട്ടിയാൽ തുറക്കുന്നതിനുള്ള സാധ്യത തന്നെ ഇല്ലാതാകുമെന്നും ഇതൊഴിവാക്കണമെന്നും ഹർജിക്കാരുടെ അഭിഭാഷകർ വാദിച്ചു.

എന്നാൽ, ബാറുടമകളുടെ ആവശ്യം അംഗീകരിക്കരുതെന്നായിരുന്നു സർക്കാരിനുവേണ്ടി ഹാജരായ അഡ്വക്കേറ്റ് ജനറൽ കെ.പി ദണ്ഡപാണിയുടെ വാദം.

ഹർജിക്കാർക്ക് ആവശ്യമെങ്കിൽ ഡിവിഷൻ ബെഞ്ചിനെ സമീപിക്കാമെന്നും ഹർജിക്കാരുടെ ആവശ്യം അംഗീകരിക്കേണ്ടതില്ലെന്നും അഡ്വക്കറ്റ് ജനറൽ ചൂണ്ടിക്കാട്ടി. ഈ വാദം അംഗീകരിച്ചായിരുന്നു കോടതിയുടെ ഉത്തരവ്.

# ധനമന്ത്രിയെക്കുറിച്ചുള്ള ആരോപണം സത്യവിരുദ്ധം: ഉമ്മൻചാണ്ടി



തിരുവനന്തപുരം: ധനമന്ത്രി കെ.എം. മാണിക്കെതിരായ ആരോപണത്തെ ശക്തമായി പ്രതിരോധിച്ച് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി.

ബാറുകൾ തുറക്കാൻ കെ. എം. മാണി കൈക്കൂലി ആവശ്യപ്പെട്ടെന്ന ബിജു രമേശിന്റെ ആരോപണം സത്യവിരുദ്ധമാണ്. ഇക്കാര്യം അറിയിക്കാൻ ബിജു രമേശ് തന്നെ കണ്ടിട്ടില്ലെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്തു പറഞ്ഞു.

അടിസ്ഥാനരഹിതമായ ആരോപണം ഉയർന്നപ്പോൾ അതേറ്റുപിടിച്ചു പ്രതികരണം നടത്തിയ ടി.എൻ. പ്രതാപൻ എംഎൽഎ ചെയ്തത് അതീവ ഗുരുതരമായ തെറ്റാണ്. ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അതിനു കെ. എം. മാണി വിശദീകരണം കൊടുക്കണം എന്നു പറയാൻ പ്രതാപൻ ആരാണെന്നും മുഖ്യമന്ത്രി ചോദിച്ചു. ആരെങ്കിലും എന്തെങ്കിലും പറഞ്ഞതിന്റെ പേരിൽ പ്രതികരിക്കുക എന്നതു നിർഭാഗ്യകരമാണ്. പ്രതാപനു വേണമെങ്കിൽ എന്നോടു പറയാം. അല്ലാതെ പ്രതികരണം നടത്തിയതു തെറ്റായിപ്പോയി. പാർട്ടി ലീഡർ എന്ന നിലയിൽ പ്രതാപനെ നിയന്ത്രിക്കാനുള്ള അധികാരവും അവകാശവും എനിക്കുണ്ട് -മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. തിരുവനന്തപുരത്തു മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്കു മറുപടി പറയുകയായിരുന്നു അദ്ദേഹം.

# കേരളപ്പിറവി ശ്രേഷ്ഠഭാഷാ ദിനമായി ആഘോഷിക്കുന്നു

തിരുവനന്തപുരം: ശ്രേഷ്ഠഭാഷാ ദിനത്തോടനുബന്ധിച്ച് കേരളപ്പിറവിദിനമായ നവംബർ ഒന്നിന് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പും സാംസ്കാരികവകുപ്പും, മലയാളം മിഷനും, വൈലോപ്പിള്ളി സംസ്കൃതി ഭവനും വിവിധ പരിപാടികൾ സംഘടിപ്പിക്കും.

സാംസ്കാരികവകുപ്പും ഐ ആൻഡ് പിആർഡിയും സംയുക്തമായി സംഘടിപ്പിക്കുന്ന ശ്രേഷ്ഠഭാഷാ ദിനാഘോഷം കനകക്കുന്നിൽ രാവിലെ ഒമ്പതിനു മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യും.

സാംസ്കാരിക മന്ത്രി കെ.സി.ജോസഫ് അധ്യക്ഷ നാകുന്ന ചടങ്ങിൽ ഔദ്യോഗിക ഭാഷാവകുപ്പിന്റെ പുരസ്കാര വിതരണം ടൂറിസം മന്ത്രി എ.പി.അനിൽകുമാറും ഭാഷാ കംപ്യൂട്ടിംഗ് സോഫ്ട്വെയറുകളുടെ പ്രകാശനം പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദനും നിർവഹിക്കും. ഔദ്യോഗികഭാഷാ പ്രതിജ്ഞ ചീഫ് സെക്രട്ടറി ഇ.കെ.ഭരത്ഭൂഷൺ ജീവനക്കാർക്ക് ചൊല്ലിക്കൊടുക്കും.

## PEACE OF MIND CHARITIES, LLC

130 Alburger Ave, Philadelphia. PA 19115,



*ഫിലഡൽഫിയ:* പീസ് ഓഫ് മൈൻഡ് ചാരിറ്റീസിന്റെ നേതൃത്വത്തിൽ ടൈംസ് ഓഫ് അമേരിക്ക ഓൺ ലൈൻ ന്യൂസിന്റെയും കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഗുരു നിത്യ ചൈതന്യ യതി ഫൗണ്ടേഷന്റെയും സഹകരണത്തിൽ ചികിത്സാ സഹായവും വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകുവാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിരിക്കുന്നു.

സാമ്പത്തിക ക്ലേശത്താൽ നട്ടംതിരിയുന്ന കുടുംബങ്ങൾക്ക് രോഗചികിത്സയ്ക്കും വിദ്യാഭ്യാസ സഹായത്തിനുമായി പീസ് ഓഫ് മൈൻഡ് ചാരിറ്റീസ് ഫണ്ട് സമാഹരിക്കുന്നു.

നിങ്ങൾ നൽകുന്ന ജീവകാരുണ്യ തുക പീസ് ഓഫ് മൈൻഡിലൂടെ നിങ്ങൾ നിർദ്ദേശിക്കുന്ന അർഹതയുള്ള വ്യക്തികൾക്കു നൽകുവാനുള്ള പദ്ധതിയും ഇതോടൊപ്പം ചെയ്തുവരുന്നു.

അർഹരായവരുടെ കൈകളിൽ നിങ്ങൾ നൽകുന്ന സഹായം നൽകുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ജനനം, മാമോദിസ, വിവാഹം തുടങ്ങിയുള്ള ആഘോഷങ്ങളിൽ നിന്നും ഒരു നിശ്ചിത തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുവാൻ തീരുമാനിക്കുകയും നിങ്ങളുടെ സുഹൃത്തുക്കളോടും, ബന്ധുക്കളോടും ഇതിന്റെ ആവശ്യകതയെക്കുറിച്ചു ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അനേകരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാനും കൈപിടിച്ചുയർത്തുവാനും കഴിയും. അവരുടെ പ്രാർത്ഥന നിങ്ങളുടെ ജീവിതത്തെ കുറച്ചുകൂടി മെച്ചപ്പെടുത്തുവാൻ സഹായിക്കും.

കൂടുതൽ വിവരങ്ങൾക്ക്: **Tel: 267-991-2111.**



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

# ഫോമയുടെ ഭരണസമിതി അധികാരമേറ്റു




മയാമി: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസിന്റെ പുതിയ ഭരണ സമിതി ചുമതലയേറ്റു.

അമേരിക്കയിലെ വിവിധ ങ്ങളായ സംസ്ഥാനങ്ങളിൽ നിന്നും ഫോമാ ഡെലിഗേറ്റുകൾ മയാമിയിലെ ബെസ്റ്റ് വെസ്റ്റേൺ ഇന്നിൽ ഒരു ദിവസം മുന്നേ തന്നെ മിക്കവാറും പേർ എത്തിചേർന്നിരുന്നു. രാവിലെ 11ന് 2012-14 കമ്മിറ്റിയുടെ മീറ്റിംഗ് നടന്നു. തുടർന്ന് ഉച്ച ഭക്ഷണത്തിനു ശേഷം പൊതുയോഗം ആരംഭിച്ചു.

യോഗത്തിൽ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള സംവാദത്തിനുശേഷം ജുഡീഷ്യൽ കൗൺസിൽ ചെയർമാൻ തോമസ് ജോസ് നിയുക്ത പ്രസിഡന്റ് ആനന്ദൻ നിരവേലിനു പ്രതിജ്ഞാ വാചകങ്ങൾ ചൊല്ലിക്കൊടുത്തു, അദ്ദേഹം ദൈവ നാമത്തിൽ സത്യ പ്രതിജ്ഞ ചെയ്തു. തുടർന്ന് ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് ഷാജി എഡ്വേർഡും ട്രഷറർ സ്ഥാനത്തേക്ക് ജോയ് ആന്റണിയും പ്രതിജ്ഞ എടുത്തു. വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് വിൻസൺ പാലത്തിങ്കലും ജോ. സെക്രട്ടറി സ്ഥാനത്തേക്ക് കളത്തിൽ വർഗീസും ജോ. ട്രഷറർ സ്ഥാനത്തേക്ക് ജോഫ്രിൻ ജോസും നാഷണൽ അഡ്വൈസറി കൗൺസിൽ ചെയർമാൻ സ്ഥാനത്തേക്ക് ജോൺ ടൈറ്റസും (ബാബു) പ്രതിജ്ഞ എടുത്തു. അതിനുശേഷം റീജണൽ വൈസ് പ്രസിഡന്റ്മാരും നാഷണൽ കമ്മിറ്റി മെംബർമാരും ദൈവ നാമത്തിൽ സത്യപ്രതിജ്ഞ ചെയ്തു.

നാഷണൽ അഡ്വൈസറി കൗൺസിൽ വൈസ് പ്രസിഡന്റ് ജോസഫ് ഔസോ, സെക്രട്ടറിയായി ഈശോ സാം ഉമ്മൻ, ജോ. സെക്രട്ടറിയായി സിബി പാതിക്കലും അധികാരമേറ്റു.

റീജണൽ വൈസ് പ്രസിഡന്റ്മാരായി കുര്യൻ ടി. ഉമ്മൻ (ബിജു), ഡോ.ജേക്കബ് തോമസ്, ജിബി തോമസ്, ഷാജു ശിവബാലൻ, അനു സുകുമാർ, ടോജോ തോമസ്, സണ്ണി വള്ളിക്കളം, ജോസ് പി. ലൂക്കോസ്, ബേബി ഫിലിപ്പ് മണക്കുന്നേൽ എന്നിവർ അധികാരമേറ്റു.

നാഷണൽ കമ്മിറ്റി മെമ്പർമാരായി തോമസ് മാത്യു (അനിയൻ യോങ്കേഴ്സ്), തോമസ് ജോർജ് (റെജി), ഷാജി എം മാത്യു, ജോസ് വർഗീസ്, ബിനു ജോസഫ്, സണ്ണി ഏബ്രഹാം, ബാബു തോമസ് തെക്കേകര, മോഹൻ മാവുങ്കൽ, ബിജു തോമസ്, ബെന്നി വാച്ചാചിറ, ബിജി ഫിലിപ്പ്, വിനോദ് കൊണ്ടൂർ ഡേവിഡ്, രാജൻ യോഹന്നാൻ, ഫിലിപ്പ് ചാമത്തിൽ (രാജു), എബി ആനന്ദ് എന്നിവർ സ്ഥാനമേറ്റു.

വനിതാ പ്രതിനിധിയായി ആനി ചെറിയാനും യൂത്ത് പ്രതിനിധികളായി റോബിൻ മടത്തിൽ, തോമസ് തെക്കേക്കര, ടിറ്റോ ജോൺ എന്നിവരും പ്രവർത്തനം ആരംഭിച്ചു.

## എ.ആർ. റഹ്മാന് ഡോക്ടറേറ്റ് നൽകി

ബോസ്റ്റൺ: പ്രശസ്ത സംഗീത സംവിധായകൻ എ.ആർ. റ ഹ്മാനെ ബെർക്കലി കോളജ് ഓഫ് മ്യൂസിക് ഡോക്ടറേറ്റ് ബിരുദം നൽകി ആദരിച്ചു. ഒക്ടോബർ 24ന് ബോസ്റ്റൺ സിംഫണി ഹാളിൽ നടന്ന കൺസർട്ടിലാണ് 2500ൽപരം സംഗീത പ്രേമികളെ സാക്ഷി നിർത്തി എ.ആർ. റഹ്മാൻ ഡോക്ടറേറ്റ് ബിരുദം ഏറ്റുവാങ്ങിയത്. 20 വർഷങ്ങൾക്ക് മുമ്പ് ബെർക്കലി കോളജ് ഓഫ് മ്യൂസിക്കൽ അറ്റൽസ് ചെയ്യുന്നതിനുള്ള അവസരം കോളജ് അധികൃതർ റഹ്മാന് വാഗ്ദാനം ചെയ്തിരുന്നു.

ബോസ്റ്റണിൽ നടത്തിയ സംഗീത കച്ചേരിയിൽ നിന്നും ലഭിച്ച മുഴുവൻ തുകയും ഇന്ത്യയിൽ നിന്നും ബെർക്കലി കോളജിൽ പഠിക്കുന്ന സമർത്ഥരായ വിദ്യാർഥികൾക്ക് റഹ്മാന്റെ പേരിൽ സ്കോളർഷിപ്പായി നൽകുമെന്ന് വക്താവ് അറിയിച്ചു.

ബെർക്കിലി കോളജിൽ നിന്നും ലഭിച്ച അംഗീകാരം വലിയൊരു ബഹുമതിയായി കരുതുന്നുവെന്ന് റഹ്മാൻ പ്രതികരിച്ചു. **- പി.പി ചെറിയാൻ**

## ഓർലാന്റോ സെന്റ് മേരീസ് ഓർത്തോഡോക്സ് ഇടവകയിൽ പരുമല തിരുമേനിയുടെ ഓർമപ്പെരുന്നാൾ



ഓർലാന്റോ സെന്റ് മേരീസ് ഓർത്തോഡോക്സ് ദേവാലയത്തിൽ പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ 112-ാമത് ഓർമപ്പെരുന്നാൾ നവംമ്പർ 2ന് ആഘോഷിക്കുന്നു. രാവിലെ ഒമ്പതിന് പ്രഭാതനമസ്കാരവും തുടർന്ന് വിശുദ്ധ കുർബാനയും പരിശുദ്ധ പരുമല തിരുമേനിയുടെ മധ്യസ്ഥയിലുള്ള പ്രത്യേക പ്രാർഥനയും ഉണ്ടായിരിക്കും.

പരിശുദ്ധന്റെ ഓർമപ്പെരുന്നാളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുവാൻ എല്ലാ വിശ്വാസികളേയും സ്വാഗതം ചെയ്യുന്നതായി വികാരി ഫാ. ജോൺസൺ പുഞ്ചക്കോണം അറിയിച്ചു.

## മാർക്കിന്റെ ധനശേഖരണാർഥം നാട്ടുകൂട്ടത്തിന്റെ നാടകം 'അപ്പൂപ്പന് നൂറുവയസ്' എട്ടിന്

ന്യൂയോർക്ക്: മലയാളി അസോസിയേഷൻ ഓഫ് റോക്ലാന്റിന്റെ (മാർക്) ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള ധനശേഖരണാർഥം ന്യൂജേഴ്സി നാട്ടുകൂട്ടം തീയറ്റേഴ്സിന്റെ ഏറ്റവും പുതിയ നാടകം 'അപ്പൂപ്പന് നൂറു വയസ്' നവംബർ എട്ടിന് (ശനി) വൈകുന്നേരം 6.30ന് കാക്യാട്ട് എലമെന്ററി സ്കൂളിൽ (465 Viola Raod, Spring Rd Newyork) അരങ്ങേറും.

മാർക്കിന്റെ ജീവകാരുണ്യ പ്രവർത്തനമായ അന്ധതാ നിവാരണത്തിനുവേണ്ടി ഫണ്ട് സ്വരൂപിക്കാനാണ് നാടകം സംഘടിപ്പിക്കുന്നത്. നാട്ടുകൂട്ടം തീയേറ്റേഴ്സിനുവേണ്ടി ദേവസി പാലാട്ടി സംവിധാനം ചെയ്ത അപ്പൂപ്പന് നൂറു വയസ് ഇതിനോടകം തന്നെ അമേരിക്കയിലെ മലയാളി പ്രേക്ഷകരുടെ പ്രശംസ പിടിച്ചു പറ്റിയ സാമൂഹിക നാടകമാണ്.

കൂടുതൽ വിവരങ്ങൾക്ക്: സണ്ണി കല്ലൂപ്പാറ 845 596 0935, ജോസ് അക്കകാട്ട് 845 461 1052, സിബി ജോസഫ് 816 786 9159, സന്തോഷ് മണലിൽ 845 499 1407, ഗോപിനാഥ് കുറുപ്പ് 845 548 3938. - **ഷോളി കുമ്പിളുവേലി**



# ഫൊക്കാന നാഷണൽ കൺവൻഷൻ 2016 ജൂലൈ ഒന്നുമുതൽ

ജോസ് കാടാപ്പുറം






ടൊറന്റോ: അമേരിക്കയിലും കാനഡയിലും താമസിക്കുന്ന മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ നാഷണൽ കൺവൻഷൻ 2016 ജൂലൈ ഒന്നു മുതൽ നാലുവരെ കാനഡയിലെ ടൊറന്റോയിൽ നടത്താൻ തീരുമാനിച്ചു. കഴിഞ്ഞ ദിവസം ടൊറന്റോയിൽ ചേർന്ന ദേശീയ കമ്മിറ്റി യോഗമാണ് ഈ തീരുമാനം അറിയിച്ചത്.

മലയാളികളുടെ ദേശീയ പ്രശ്നങ്ങൾ ചർച്ച ചെയ്യുക, അമേരിക്കയിലും കാനഡയിലും അധിവസിക്കുന്ന മലയാളി പ്രതിഭകളെ ആദരിക്കുക, കൺവൻഷനോടനുബന്ധിച്ച് കലാകായിക മത്സരങ്ങൾ നടത്തുക, ഈ അടുത്തകാലത്ത് അന്തരിച്ച വോളിബോൾ താരം ഉദയകുമാറിന്റെ അനുസ്മരണാർഥം വോളിബോൾ ടൂർണമെന്റ് നടത്തുക തുടങ്ങിയ നിരവധി പരിപാടികൾ നടത്തുവാൻ തീരുമാനിച്ചു.

ദേശീയ സമ്മേളനം അവിസ്മരണീയമാക്കി തീർക്കുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ആദ്യ നടപടി എന്നനിലയിൽ ടോമി കോക്കാട്ടിനെ കൺവൻഷൻ ചെയർമാനായി കമ്മിറ്റി ഐകകണ്ഠേന തെരഞ്ഞെടുത്തു.

ടൊറന്റോ മലയാളി സമാജത്തിൽ നടന്ന ഫൊക്കാനയുടെ ആദ്യ ദേശീയ കമ്മിറ്റി യോഗത്തിൽ പ്രസിഡന്റ് ജോൺ പി. ജോൺ അധ്യക്ഷത വഹിച്ചു. ട്രസ്റ്റി ബോർഡ് ചെയർമാൻ പോൾ കറുകപ്പള്ളിൽ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ജോയിന്റ് സെക്രട്ടറി വർഗീസ് പാലമലയിൽ, ട്രഷറർ ജോയി ഇട്ടൻ, ജോയിന്റ് ട്രഷറർ ഡോ. മാത്യു വർഗീസ്, സുധാ കർത്താ, ഡോ. ജോസ് കാനാട്ട്, ഗണേഷ്നായർ, ശ്രീകുമാർ ഉണ്ണിത്താൻ, ജി.കെ.പിള്ള, ലൈസി അലക്സ്, തുടങ്ങിയ നേതാക്കൾ ചർച്ചകളിൽ പങ്കെടുത്തു.

ജനറൽ സെക്രട്ടറി വിനോദ് കെയാർകെ സ്വാഗതവും അസിസ്റ്റന്റ് ട്രഷറർ സണ്ണി ജോസഫ് നന്ദിയും പറഞ്ഞു.

# താഴികക്കുടം സ്ഥാപനവും ദീപാവലി ആഘോഷങ്ങളും നടത്തി

ഷിക്കാഗോ: ഗീതാമണ്ഡലത്തിന്റെ ഹാനോവർ പാർക്കിലുള്ള കെട്ടിടത്തിൽ താഴികക്കുടം സ്ഥാപിച്ചു. പ്രത്യേക പൂജകൾക്കുശേഷം ശ്യാം ഭട്ടതിരിയാണ് താഴികക്കുടസ്ഥാപനം നിർവഹിച്ചത്. തങ്കമ്മ അപ്പുക്കുട്ടനും, അപ്പുക്കുട്ടൻ കാലാക്കലും ആണ് താഴികക്കുടം ഗീതാണ്ഡലത്തിന് സമർപ്പിച്ചത്. ശ്രീ നാരായണൻ കുട്ടപ്പന്റെ ശില്പകലയിൽ തീർത്ത സ്തൂപത്തിൽ, താഴികക്കുടം സ്ഥാപിച്ചപ്പോൾ, അവിടെ കൂടിയ നൂറുകണക്കിന് ആളുകൾക്ക് അത് നിർവൃതിയുടെ നിമിഷങ്ങളായിരുന്നു.

പ്രത്യേക പൂജകളും ഭജനയും, തുടർന്ന് പടക്കംപൊട്ടിച്ചും, ദീപാവലി കാഴ്ചകൾ ഒരുക്കിയും ഈവർഷത്തെ ദീപാവലി ആഘോഷങ്ങൾ തകൃതിയായ നടന്നു. ഗർബാനൃത്തത്തിൽ സ്ത്രീകൾ ആവേശപൂർവ്വം പങ്കെടുത്തു. തിന്മയ്ക്കുമേൽ നന്മയുടെ വിജയസന്ദേശമാണ് ദീപാവലി. ആ നന്മയുടെ ദീപപ്രഭയായി ആഘോഷിക്കുവാൻ സാധിച്ചത് പുണ്യമായി കരുതുന്നുവെന്ന് ഗീതാമണ്ഡലം പ്രസിഡന്റ് ജയ് ചന്ദ്രൻ അഭിപ്രായപ്പെട്ടു.

ശ്രീകൃഷ്ണ ജയന്തിക്കും, നവരാത്രി ഉത്സവത്തിനും ശേഷം നടന്ന ദീപാവലി ആഘോഷങ്ങളിലും ഗീതാമണ്ഡലത്തിന്റെ ചരിത്രത്തിലാദ്യമായി അസംഖ്യം ആളുകൾ പങ്കെടുക്കുകയുണ്ടായി. ഷിക്കാഗോയിലെ മലയാളി ഹിന്ദുക്കളെ സംബന്ധിച്ചടത്തോളം അചഞ്ചലമായ ഭക്തിനിർവൃതിയുടെ നാളുകളിലൂടെയുള്ള യാത്ര തുടങ്ങുമ്പോൾ ഓരോ ഗീതാമണ്ഡലം അംഗങ്ങൾക്കും ജീവിതംതന്നെ ആദ്ധ്യാത്മികതയിൽ ഊന്നിയ ആഘോഷമായി അനുഭവപ്പെടുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നവംബർ 16 മുതൽ 2015 ജനുവരി 17 വരെ എല്ലാ വെള്ളി, ശനി, ഞായർ ദിവസങ്ങളിലും ശ്രീ അയ്യപ്പമണ്ഡലകാലം പ്രത്യേക അയ്യപ്പ ഭജനകളോടെ ഗീതാമണ്ഡലം കൊണ്ടാടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: ബൈജു മേനോൻ (847 749 7444), അരവിന്ദ് പിള്ള (847 769 0519).

# 'അമേരിക്കൻ യംഗ് സയന്റിസ്റ്റ് ചലഞ്ച് 2014' ൽ ഇന്ത്യൻ വിദ്യാർഥികളുടെ തകർപ്പൻ പ്രകടനം ; സഹീൽ മികച്ച യുവശാസ്ത്രജ്ഞൻ







ന്യൂയോർക്ക്: അമേരിക്കയിലെ സ്കൂൾ വിദ്യാർഥികൾക്കിടയിൽ നടത്തിവരുന്ന 'യംഗ് സയന്റിസ്റ്റ് ചലഞ്ച് 2014' മത്സരത്തിൽ ഒന്നാം സ്ഥാനം ഇന്ത്യൻ വംശജനായ സഹീൽ ദോഷി (14) പ്രമുഖ വ്യവസായികളായ ത്രീ എമും ഡിസ്കവറി കമ്യൂണിക്കേഷനും ചേർന്ന് എല്ലാവർഷവും നൽകിവരുന്ന പുരസ്കാരമാണ് 'ടോപ് യംഗ് സയന്റിസ്റ്റ്' ബഹുമതി.

സഹീലിനൊപ്പം മത്സരത്തിലെ മൂന്നാം സ്ഥാനവും അഞ്ചാം സ്ഥാനവും നേടിയെടുത്തിരിക്കുന്നതും ഇന്ത്യൻ വംശജർ തന്നെയാണ്.

അന്തരീക്ഷത്തിന് ദോഷകരമായ ഗ്രീൻ ഹൗസ് ഗ്യാസുകളെ കുറയ്ക്കാൻ സഹായിക്കുന്ന, പരിസ്ഥിതിസൗഹൃദ ബാറ്ററികളുടെ കണ്ടുപിടുത്തത്തിനാണ് അംഗീകാരം. 'പൊല്യൂസെൽ' എന്നു സഹീൽ പേരിട്ടിരിക്കുന്ന ബാറ്ററി, കാർബൺ ഡൈഓക്സൈഡിനെ വൈദ്യുതിയായിക്കി മാറ്റുന്നു. പൊല്യൂസെലിന്റെ ഉപയോഗം അന്തരീക്ഷത്തിലെ കാർബൺ ഡൈഓക്സൈഡിനെ കുറയ്ക്കുവാൻ സഹായിക്കുമെന്ന് സഹീൽ പറയുന്നു. ഒമ്പതാം ഗ്രേഡ് വിദ്യാർഥിയായ സഹീൽ, പെനിസിൽവാനിയയിലെ പിറ്റ്സ്ബർഗിലാണ് താമസിക്കുന്നത്. അമേരിക്കയിലെ മികച്ച യുവ ശാസ്ത്രജ്ഞനെന്ന പദവിക്കൊപ്പം 25,000 ഡോളറും (16 ലക്ഷം രൂപ) കോസ്റ്ററിക്കയിലേയ്ക്ക് ഒരു സാഹസിക യാത്രയും ഇദ്ദേഹത്തിന് ലഭിക്കും.

മൂന്നാം സ്ഥാനത്തു വന്നതും ജയ് കുമാർ എന്ന മറ്റൊരു ഇന്ത്യാക്കാരനാണ്. ജനാലകളിൽ ഘടിപ്പിക്കാവുന്ന വായുശുദ്ധീകരണ സംവിധാനമാണ്, ഏഴാം ഗ്രേഡ് വിദ്യാർഥിയായ ജയ്കുമാറിന് പുരസ്കാരം നേടിക്കൊടുത്തത്. വിർജീനിയ സ്വദേശിയാണ് ജയ്. 1000 ഡോളറും (61,000 രൂപ) സാഹസിക യാത്രയുമാണ് മൂന്നാം സ്ഥാനത്തിനുള്ള സമ്മാനം. അഞ്ചാം സ്ഥാനവും ഇന്ത്യൻ വിദ്യാർഥിക്കാണ്. മൈത്രി അമ്പാട്ടിപുടി എന്ന ഒമ്പതാം ഗ്രേഡുകാരിയാണ് അഞ്ചാം സ്ഥാനത്തെത്തിയത്.

അവസാന റൗണ്ടിൽ ഒമ്പതു പേരെ പരാജയപ്പെടുത്തിയാണ് സഹീൽ ഒന്നാമതെത്തിയത്. ത്രീ എമിലെ ശാസ്ത്രജ്ഞരുടെ സഹായത്തോടെ, മൂന്നു മാസത്തോളം പ്രവർത്തിച്ചാണ് മത്സരാർഥികൾ അവരുടെ ആശയങ്ങൾ സാക്ഷാത്കരിച്ചത്. മിനസോട്ടയിലെ സെന്റ് പോളിൽ വച്ചാണ് ഇവർ തങ്ങളുടെ കണ്ടുപിടുത്തങ്ങളുടെ പ്രകാശനം നടത്തിയത്.

# എഡ്യുക്കേഷൻ സെമിനാർ വൻ വിജയമായി



**പി.പി ചെറിയാൻ**

ടെക്സസ്: ഇന്ത്യൻ അമേരിക്കൻ ഫ്രന്റ്ഷിപ്പ് കൗൺസിൽ (ഐഎഎഫ്സി), ഗ്രേറ്റ് ഡാളസ് ഏഷ്യൻ അമേരിക്കൻ ചേംബർ ഓഫ് കോമേഴ്സ്, യുഎസ് ചൈന ചേംബർ ഓഫ് കോമേഴ്സ് ഡാളസ് എന്നീ സംഘടനകൾ സംയുക്തമായി സംഘടിപ്പിച്ച എഡ്യുക്കേഷൻ സെമിനാർ വൻ വിജയമായി.

ഒക്ടോബർ 25ന് പ്ലാനൊയിലുള്ള ജോൺ പോൾ 11 ഹൈസ്കൂളിൽ സംഘടിപ്പിച്ച വിദ്യാഭ്യാസ സെമിനാറിൽ മൂന്നൂറിൽപരം വിദ്യാർഥികളും മാതാപിതാക്കളും പങ്കെടുത്തു. കോളജ് പ്രവേശനം, സ്കോളാർ ഷിപ്പ് എന്നീ വിഷയങ്ങളിൽ മാതാപിതാക്കൾക്കും വിദ്യാർഥികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് സംഘടിപ്പിച്ച സെമിനാർ സ്പോൺസർ ചെയ്ത മെക്ഡൊണാൾഡ് എന്ന കമ്പനിയാണ്.

ഫെർഫക്ട് സാറ്റ് സ്കോറോ, ജിപിഎ നാലിൽ കൂടുതലോ ലഭിച്ചാൽ കോളജ് പ്രവേശനം ലഭിക്കും എന്ന ധാരണ ശരിയല്ലെന്നും വിദ്യാർഥികൾ അവരുടെ കഴിവുകൾ തെളിയിച്ചാൽ മാത്രമേ പ്രവേശനം ഉറപ്പിക്കാൻ കഴിയുകയുള്ളൂ എന്നും ഇന്ത്യൻ അമേരിക്കൻ ഫ്രന്റ്ഷിപ്പ് കൗൺസിൽ ടെക്സസ് സ്റ്റേറ്റ് കോഓർഡിനേറ്റർ ഡോ. പ്രസാദ് തോട്ടകൂറ പറഞ്ഞു.

അമേരിക്കയിലെ സുപ്രസിദ്ധ ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ ഒരു വർഷം 36,000 അപേക്ഷകളാണ് ലഭിക്കുന്നതെങ്കിലും 2000 പേർക്ക് മാത്രമേ പ്രവേശനം നൽകുകയുള്ളെന്ന് മുഖ്യ പ്രാസംഗികൻ ഡോ. ഡേവിഡ് കുര്യൻ പറഞ്ഞു. എൻജി ലെൻ ബട്ടൻ (ടെക്സസ് സ്റ്റേറ്റ് ഹൗസ് ഓഫ് പ്രസന്റേറ്റീവ്) ജെസിക്ക തുടങ്ങിയവർ സെമിനാറിൽ പങ്കെടുത്തു.

# യുവ കലാപ്രതിഭകൾക്ക് സരസ്വതി അവാർഡിന് എൻട്രികൾ ക്ഷണിക്കുന്നു

**ബി. അരവിന്ദാക്ഷൻ**

ന്യൂയോർക്ക്: വടക്കെ അമേരിക്കയിലെ ഇന്ത്യൻ വംശജരായ യുവ കലാപ്രതിഭകൾക്കുവേണ്ടി നടത്തുന്ന സരസ്വതി അവാർഡ് മത്സരത്തിൽ പങ്കെടുക്കാനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ ഒന്ന് (ശനി) ആണ്.

sarawathiaward@gmail.com മുഖാന്തരം സംഘാടകരുമായി ബന്ധപ്പെടണമെന്ന് മുഖ്യ സംഘാടകനായ ജോജോ തോമസ് അറിയിച്ചു.

നവംബർ 15ന് ക്യൂൻസിലെ ഗ്ലീനോക്സ് സയൻസ് സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന മത്സരത്തിൽ അഞ്ച് വിഭാഗങ്ങളിലായി പ്രീ ജൂണിയർ, ജൂണിയർ, സീനിയർ തലത്തിൽ പതിനേഴാമത് സരസ്വതി അവാർഡിനായി കുട്ടികൾ മത്സരിക്കുന്നു.

ഇന്ത്യൻ ക്ലാസിക്കൽ സംഗീതം, ഭാഷാ ഗാനങ്ങൾ, ശാസ്ത്രീയ നൃത്തം, നാടോടി നൃത്തം, ഉപകരണ സംഗീതം എന്നിവയിൽ വിവിധ ദേശ-ഭാഷാ പരിജ്ഞാനികളായവരുമായി മത്സരിച്ച് വിജയിക്കുന്നതിനുള്ള വേദിയാണ് സരസ്വതി അവാർഡ് ഒരുക്കുന്നത്.

വിജയികളേയും മത്സരാർഥികളേയും നവംബർ 15ന് വൈകിട്ടു നടക്കുന്ന അവാർഡ് ദാന ചടങ്ങിൽ ആദരിക്കും. ഇന്ത്യയുടെ കലകളുടെ പ്രചാരണത്തിന് മികച്ച സംഭാവനകൾ നൽകിയ നൃത്ത-സംഗീത അധ്യാപകരെ തദവസരത്തിൽ ആദരിക്കും.

വിശദ വിവരങ്ങൾക്ക്: 516 455 9739.

## ന്യൂയോർക്കിൽ ആദ്യ എബോള വൈറസ് രോഗി ക്രെയ്ഗ് സ്പെൻസർ എന്ന ഡോക്ടറെന്ന് സ്ഥിരീകരണം

**പി.പി. ചെറിയാൻ**

ന്യൂയോർക്ക്: എബോള രോഗികളെ ശുശ്രൂഷിച്ചതിനുശേഷം ഘനിയായിൽ നിന്നും ഒക്ടോബർ 17ന് ജോൺ എഫ് കെന്നഡി എയർപോർട്ടിൽ എത്തിച്ചേർന്ന ഡോക്ടർ ക്രെയ്ഗ സ്പെൻസർക്ക് (33) എബോള വൈറസ് രോഗം പിടിപ്പെട്ടതായി ഒക്ടോബർ 23ന് (വ്യാഴം) ന്യുയോർക്ക് സിറ്റി അധികൃതർ സ്ഥിരീകരിച്ചു.

പനിയും ചർദ്ദിയും തളർച്ചയും വേദനയും അനുഭവപ്പെട്ടതിനെ തുടർന്ന് ന്യൂയോർക്ക് ബെല്ലവെ ഹോസ്പിറ്റലിൽ പ്രവേശിച്ച ഡോക്ടറെ ഐസലേറ്റ് ചെയ്തിരിക്കുന്നതായും അധികൃതർ പറഞ്ഞു.

എന്നാൽ വൈറസ് വ്യാപിക്കുവാനുള്ള സാധ്യത വളരെ കുറവാണെന്നു ആരോഗ്യ വകുപ്പ് അധികൃതർ പറഞ്ഞു. ന്യൂയോർക്കിലെ ജനങ്ങൾ ഇതിൽ പരിഭ്രാന്തരാകേണ്ടെന്ന് ന്യൂയോർക്ക് മേയർ ബിൽ പ്രതിനിധികളുടെ ചോദ്യത്തിനുത്തരമായി പറഞ്ഞു. സ്പെൻസറുമായി ബന്ധപ്പെട്ട മൂന്ന് പേർ (ഭാര്യയുൾപ്പെടെ) പ്രത്യേക നിരീക്ഷണത്തിലാണ്.

ഘനിയായിലെ ചികിത്സകൾക്കുശേഷം ഡോക്ടർ ഒക്ടോബർ 12ന് അവിടെ നിന്നും പുറപ്പെട്ട് യൂറോപ്പ് വഴിയാണ് ജോൺ എഫ് കെന്നഡി എയർപോർട്ടിൽ എത്തി ചേർന്നത്.-ന്യൂയോർക്ക് സിറ്റി ഹെൽത്ത് കമ്മീഷണർ പറഞ്ഞു. ന്യൂയോർക്ക് ഫയർ ഡിപ്പാർട്ട്മെന്റിലേക്ക് ലഭിച്ച ഫോൺ സന്ദേശത്തെ തുടർന്നാണ് വിവരം പുറത്തറിയുന്നത്. രോഗം വ്യാപകമാകാതിരിക്കുന്നതിനു ശക്തമായ മുൻ കരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് മേയർ ബിൽ പറഞ്ഞു.

## ജയ്ഹിന്ദ് വാർത്ത കലണ്ടർ 2015: വിശേഷങ്ങൾ ഉൾപ്പെടുത്താം

ന്യൂയോർക്ക്: അമേരിക്കൻ മലയാളികൾക്കായി ജയ്ഹിന്ദ്വാർത്ത 2015 ലെ കലണ്ടർ പുറത്തിറക്കുന്നു.

മലയാളികളറിയേണ്ട വിശേഷങ്ങളുമായി പുറത്തിറക്കുന്ന കലണ്ടറിൽ ഉൾപ്പെടുത്തേണ്ട പെരുന്നാളുകൾ, ഉത്സവങ്ങൾ, അസോസിയേഷൻ വാർഷികങ്ങൾ, മറ്റു വിശേഷങ്ങൾ, നിങ്ങളുടെ പ്രിയപ്പെട്ടവരുടെ ജന്മദിനങ്ങൾ, വിവാഹവാർഷികങ്ങൾ എന്നിവ news@jaihindvartha.com എന്ന വിലാസത്തിൽ നവംബർ 30 നകം അയച്ചുതരാം. അയക്കുമ്പോൾ കലണ്ടറിൽ ഉൾപ്പെടുത്താനുള്ള മാറ്റർ എന്നു പ്രത്യേകം എഴുതുക.

## നാട്യമുദ്ര ഡാൻസ് സ്കൂൾ 12ാം വാർഷികം നവംബർ 22-ന്

ന്യൂയോർക്ക്: ന്യൂയോർക്കിലുള്ള നാട്യമുദ്ര ഡാൻസ് സ്കൂളിന്റെ പന്ത്രണ്ടാം വാർഷികം നവംബർ 22ന് ശനിയാഴ്ച വൈകിട്ട് നാലു മുതൽ ഏഴു വരെ ഇർവിംഗ്ടണിലെ ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടും. പരിപാടികളിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നതായി സ്കൂൾ ഭാരവാഹികൾ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: ലിസ ജോസഫ് (914 843 9785), ഇമെയിൽ: natyamudra@gmail.com

# ഫ്ളോറിഡ സംസ്ഥാന തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ ഇന്ത്യൻ സമൂഹം



മയാമി: ഫ്ളോറിഡ സംസ്ഥാന തിരഞ്ഞെടുപ്പിന്റെ ആരവം ഒരു ആവേശമായി ഉയരുമ്പോൾ ഇന്ത്യൻ സമൂഹവും പ്രചാരണ പരി പാടികളിൽ പങ്കുവഹിക്കുന്നു.

ഫ്ളോറിഡ സംസ്ഥാനത്തിന്റെ രാഷ്ട്രീയ ചിത്രം നിർണ്ണയിക്കുവാൻ കഴിയുന്നത് സൗത്ത് ഫ്ളോ റിഡായിലെ മൂന്ന് കൗണ്ടികൾക്കാണ്. മയാമി. ഡേയിസ്, ബ്രോവാർഡ്, പാംബീച്ച് എന്നീ മൂന്ന് കൗണ്ടികളിലായി സെൻസസ് പ്രകാരം അൻപ തിനായിരം ഇന്ത്യാക്കാരുണ്ടെന്നാണ് കണക്കുകൾ.

കഴിഞ്ഞ നാല് പതിറ്റാണ്ടായി സൗത്ത് ഫ്ളോറിഡായിലെ, വിദ്യാഭ്യാസ, തൊഴിൽ, വ്യാപാര, സാമ്പത്തിക സാമൂഹ്യ മേഖലകളിൽ സജീവ സാന്നിദ്ധ്യമറിയിച്ച ഇന്ത്യൻ സമൂഹം രാഷ്ട്രീയ ഇഛാശക്തിയിൽ പിന്നിലായിപ്പോയെങ്കിലും കഴിഞ്ഞ ഏതാനും വർഷങ്ങളായി സിറ്റി, കൗണ്ടി, സ്കൂൾ ബോർഡ് തുടങ്ങിയ തിരഞ്ഞെടുപ്പുകളിൽ ഇന്ത്യൻ സമൂഹത്തോട് സഹകരി ക്കുന്ന അമേരിക്കൻ സ്ഥാനാ ർത്ഥികൾക്കുവേണ്ടി ഇടപെടുകയും ഇന്ത്യൻ സമൂഹത്തിന്റെ ശക്തമായ പിൻബലം കൊണ്ടു തന്നെ ഏതാനും സിറ്റി ഭരണാധികാരികളെ വിജയിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

അതുകൊണ്ട് തന്നെ ഡെമോക്രാറ്റിക് പാർട്ടി ഗവർണർ സ്ഥാനാർത്ഥിയും മുൻഗവർണറുമായ ചാർലിക്രിസ്റ്റും, റിപ്പബ്ലിക്കൻ പാർട്ടി ഗവർണറും സ്ഥാനാർത്ഥിയുമായ റിസ്ക്സ്കോട്ടും നിരവധി തവണ സൗത്ത് ഫ്ളോറിഡയിൽ രാഷ്ട്രീയ പ്രചരണത്തിനു വേദി തിരഞ്ഞെടുത്തത്.

ഒക്ടോബർ 19നാണ് ഡേവി നഗരത്തിലുള്ള ലോംഗ് ലേയ്ക്ക് റാഞ്ചിലുള്ള കമ്മ്യൂണിറ്റി സെന്ററിൽ ഫ്ളോറിഡാ അറ്റോർണി ജനറലായി മത്സരിക്കുന്ന ജോർജ് ഷെൽഡനുവേണ്ടി ഇലക്ഷൻ ക്യാമ്പേയിൽ മീറ്റിംഗ് സംഘടിപ്പിച്ചു.

ഫ്ളോറിഡായിലെ സീനിയർ അഭിഭാഷകനും 2008 ലെ ചാർലി ക്രിസ്റ്റ് ഗവർമെന്റിൽ ചിൽഡ്രൻ ആന്റ് ഫാമിലി (ഡി.സി.എഫ്) ന്റെ സെക്രട്ടറിയുമായിരുന്ന അറ്റോർണി ജനറൽ സ്ഥാനാർത്ഥി ജോർജ് ഷെൽഡൻ തന്റെ നയങ്ങളും പരിപാടികളും വിശദീകരിച്ചു.

ഇന്ത്യൻ കമ്മ്യൂണിറ്റിക്കുവേണ്ടി (എ.ഐ.എ) അസോസിയേഷൻ ഓഫ് ഇന്ത്യൻ അമേരിക്കൻ പ്രസിഡന്റ് ഡോ.പീയൂഷ് അഗർവാൾ, സിക്ക് സമുദായത്തെ പ്രധിനിധീകരിച്ച് മേജർ പന്ന്യൂ, കേരള സമാജം ഓഫ് സൗത്ത് ഫ്ളോറിഡ സെക്രട്ടറി ഷാർലെറ്റ് വർക്ഷീസ്, ഫോക്കാനയെ പ്രധിനിധീകരിച്ച് ട്രസ്റ്റി ബോർഡ് വൈസ് ചെയർമാൻ ജോർജ് വർഗീസ്, ഫോമാ മുൻ റീജനൽ വൈസ് പ്രസിഡന്റ് സേവി മാത്യൂ തുടങ്ങിയവർ ഇന്ത്യൻ സമൂഹത്തിന്റെ നിലപാട് വിശദമാക്കി.

തുടർന്ന് സ്ഥാനാർത്ഥിയോടും മറ്റ് രാഷ്ട്രീയ നേതാക്കളോടുമുള്ള ചോദ്യോത്തര സംവാദമായിരുന്നു. ഇതിന് സണ്ണി തോമസ് നേതൃത്വം നല്കി. ഫ്ളോറിഡ വിദ്യാഭ്യാസ മേഖലയിലെ മാറ്റങ്ങളെക്കുറിച്ച് അദ്ധ്യാപകരെ പ്രധിനിധീകരിച്ച് ആനി കോശിയും, മെഡിക്കൽ രംഗത്ത് വരുത്തിയ മാറ്റങ്ങളും മെഡിക്കൽ ഇൻഷറൻസ് പ്രശ്നങ്ങളെക്കുറിച്ച് എ.കെ.എം.ജി. പ്രസിഡന്റ് ഡോ. സുനിൽ കുമാറും, സുജിത്ത് ജോണും, പുതിയ ബിൽഡിംഗ് നിയമങ്ങളും അതുകൊണ്ടുള്ള പ്രശ്നങ്ങളെക്കുറിച്ച് ബേബി നടയിലും, സാജു വടക്കേലും, ചോദ്യങ്ങൾ ചോദിക്കുകയും അറ്റോർണി ജനറൽ സ്ഥാനാർത്ഥി ഉത്തരം നൽകുകയും ചെയ്തു.

ഒക്ടോബർ 20ാം തീയതി തിങ്കളാഴ്ച മുതൽ നവംബർ 2ാന് ഞായറാഴ്ച വരെ ഏർലി വോട്ടിങ്ങ് ആരംഭിക്കുമെന്നും എല്ലാ ദിവസവും രാവിലെ ഒമ്പത് മുതൽ വൈകുന്നേരം ഏഴു വരെയും, ശനി, ഞായർ ദിവസങ്ങളിൽ ഏഴു മുതൽ ഉച്ചകഴിഞ്ഞ് മൂന്നു വരെയുമാണ് ഏർലി വോട്ടിങ്ങ് സമയം. ഓരോ കൗണ്ടിയിലും സൗകര്യപ്രഥമായ രീതിയിൽ ഏർലി വോട്ടിങ്ങ് സെന്ററുകൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഏവരും തനിക്ക് വോട്ട് ചെയ്യണമെന്നും അഭ്യർത്ഥിച്ചു.

ഇലക്ഷൻ ക്യാമ്പെയിൻ മീറ്റിംഗിന്റെ മാസ്റ്റർ ഓഫ് സെറിമണിയായി ജോയി കുറ്റിയായാനിയും ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസ്സ് (ഐ.എൻ.ഒ.സി.) വൈസ് പ്രസിഡന്റ് ഡോ. മാമ്മൻ സി ജയിക്കബ് നന്ദി പറഞ്ഞു. ഈ പരിപാടിക്ക് ജോമി സക്കറിയാസ്, കുഞ്ഞമ്മ കോശി, സജി സക്കറിയാസ്, ജോർജ് നെടുവേലിൽ, ജോബർണാർസ്, പോൾ കുള, മാത്യു മാത്തൻ, സാമുവേൽ തോമസ്, സാജൻ മാത്യു, ഷിബു സ്കറിയ, റോബിൻ ആന്റണി, ഷിബു ജോസഫ്, ജോർലിൻ ജോസഫ്, മനോജ് ജോർജ്, ഏബ്ര ഹാം ഇല്ലിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

# സിമി ജസ്റ്റോ ജോസഫിന് ഡോക്ടറേറ്റ്



ഷിക്കാഗോ: സിമി ജസ്റ്റോ ജോസഫിന് ഷിക്കാഗോയിലെ ലയോള യൂണിവേഴ്സിറ്റിയിൽ നിന്ന് നഴ്സിംഗിൽ ഡോക്ടറേറ്റ് ലഭിച്ചു.

ഷിക്കാഗോയിലെ ലയോള യൂണിവേഴ്സിറ്റിയിലും Joint Commission on Accreditation of Healthcare Organizations (JACHO)-യിലുമാണ് ഡോക്ടറേറ്റിന് ആസ്പദമായ ട്രെയിനിംഗ് പൂർത്തിയാക്കിയത്.

അമേരിക്കയിൽ ആദ്യമായാണ് അഡ്വാൻസ്ഡ് പ്രാക്ടീസ് നഴ്സിന് (APN) വേണ്ടി ഒരു എപിഎൻ തന്നെയായ ഡോ. സിമി അവരുടെ പ്രാക്ടീസിന്റെ ഉന്നമനത്തിനുവേണ്ടി പഠനം നടത്തിയത്. ഇവിടെ പൊതുവെ ഡോക്ടേഴ്സും എപിഎന്നും കൂടുതൽ പ്രധാന്യം നൽകാത്ത ഒരു വിഷയമാണ് റിസർച്ചിനുവേണ്ടി ഉപയോഗിച്ച പഠന വിഷയം. "Preventive Services among Immunocompromised' ഈ വിഭാഗത്തിലുള്ള രോഗികൾക്ക് അണബാധയും അനുബന്ധമായി കാൻസറും കൂടി വരുന്നതായാണ് കാണുന്നത്. ഡോ. സിമിയുടെ റിസർച്ച് പ്രോട്ടോകോൾ പ്രകാരം ഈ രോഗികളിലുള്ള അണു ബാധയും കാൻസറും തുടക്കം മുതൽ തടയേണ്ടതായുണ്ട്. ഈ പ്രോട്ടോകോൾ ഇപ്പോൾ Illinois Society of Advanced Practice Nurses(ISAPN)-ലും, GI Solutions of Illinois-ലും ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്.

2008-ൽ ഷിക്കാഗോ നോർത്ത് പാർക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും മാസ്റ്റേഴ്സ് ബിരുദം നേടിയതിനുശേഷം സിമി ഷിക്കാഗോയിൽ തന്നെയുള്ള Presence Resurrection Medical Center -ലെ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ ജോലി ചെയ്യുന്നു. ഈ ആറുവർഷത്തിനിടയിൽ തന്നെ ജിഐ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ Evidencebased ചികിത്സാ രീതി നടപ്പിലാക്കിക്കൊണ്ട് ഈ സ്ഥാപനത്തെ ഷിക്കാഗോയിലെ തന്നെ പേരെടുത്ത ഗ്യാസ്ട്രോ എന്ററോളജി വിഭാഗമാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഡോക്ടറേറ്റ് ബിരുദം നേടിയതിനുശേഷം ഡയറക്ടർ ഓഫ് റിസർച്ച് ആൻഡ് ക്ലിനിക്കൽ സർവീസ് സ്ഥാനത്തിരുന്നുകൊണ്ട് കിളഹമാ matory Bowel Disease രോഗികളുടെ സൗഖ്യത്തിനുവേണ്ടി പഠനവും ക്ലിനിക്കും നടത്തിവരുന്നു. ഷിക്കാഗോയിലുള്ള ജസ്റ്റോ മണവാളന്റെ ഭാര്യയാണ് സിമി.

# ഫാമിലി കോൺഫറൻസ് 2015: റവ. ഫാ. മാറ്റ് അലക്സാണ്ടർ ഡയറക്ടർ, എൽസൺ സാമുവേൽ സെക്രട്ടറി, ലിജീത്ത് മാത്യു ട്രസ്റ്റി



ഡാളസ്: സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് 2015 ഡയറക്ടർ ആയി റവ.ഫാ. മാറ്റ് അലക്സാണ്ടർ, സെക്രട്ടറിയായി എൽസൺ സാമുവൽ, ട്രസ്റ്റിയായി ലിജീത്ത് മാത്യു എന്നിവരെ ഭദ്രാസന മെത്രാപോലീത്ത അലക്സിയോസ് മാർ യൗസേബിയോസ് നിയമിച്ചു.

ഡാളസിൽ നടത്തുന്ന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് 2015 ജൂലൈ എട്ടു മുതൽ 11 വരെയാണ്. ഭദ്രാസന തലത്തിൽ എല്ലാ മൂന്നുവർഷം കൂടുമ്പോഴാണ് കോൺഫറൻസ് നടത്തുന്നത്. കഴിഞ്ഞ കോൺഫറൻസ് 2012–ൽ ഫ്ളോറിഡയിൽ നടത്തപ്പെട്ടു.

ഡയറക്ടറായ ഫാ. മാറ്റ് അലക്സാണ്ടർ പ്രമുഖ കൺവൻഷൻ പ്രാസംഗികനാണ്. വാൾഡിമീർ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ബിരുദം നേടി. ഇപ്പോൾ ഡാളസ് യൂത്ത് ചാപ്ലെയിനായി പ്രവർത്തിക്കുന്നു.

സെക്രട്ടറിയായ എൽസൺ സാമുവേൽ ഡാളസ് വലിയ പള്ളിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ സൗത്ത് വെസ്റ്റ് ഭദ്രാസന കൗൺസിൽ അംഗമായി സേവനം അനുഷ്ഠിക്കുന്നു.

ട്രസ്റ്റിയായ ലിജീത്ത് മാത്യു യുവജന പ്രസ്ഥാനത്തിലും സെന്റ് മേരീസ് വലിയ പള്ളിയുടെ സെക്രട്ടറി, ട്രസ്റ്റി എന്നീ നിലകളിലും പ്രവർത്തിച്ചുണ്ട്.

കോൺഫറൻസിന്റെ വിജയത്തിനായി വിപുലമായ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

# ഡാളസിൽ തെലുങ്ക് യൂണിവേഴ്സിറ്റി മ്യൂസിക് കോഴ്സിനു തുടക്കം



ഡാളസ്: പാരമ്പര്യമായി ഇന്ത്യ കാത്തു സൂക്ഷിക്കുന്ന സാംസ്കാരിക മൂല്യങ്ങളും ധാർമികതയും വരും തലമുറയിലേക്ക് പകർന്നു നൽകുന്നതിന് ക്ലാസിക്കൽ സംഗീതം വഹിക്കുന്ന പങ്ക് നിസ്തുലമാണെന്ന് തെലുങ്കു അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക സൗത്ത് വെസ്റ്റ് റീജിയൻ കോഓർഡിനേറ്റർ ഡോ. രാജേഷ് അഭിപ്രായപ്പെട്ടു.

ബ്രിസ്ക്കൊ ഫ്രിർദി സായ് സന്നിധിയിൽ തെലുങ്കു യൂണവേഴ്സിറ്റി മ്യൂസിക്ക് കോഴ്സ് ഒക്ടോബർ 19ന് ഔപചാരികമായി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു രാജേഷ്. കോഴ്സിന് അമേരിക്കയുടെ വിവിധ ഭാഗങ്ങളിലെ മാതാപിതാക്കളിൽ നിന്നും വമ്പിച്ച പിന്തുണയാണ് ലഭിക്കുന്നതെന്ന് ടാനാ മുൻ പ്രസിഡന്റ് ഡോ. പ്രസാദ് തോട്ടക്കൂറ പറഞ്ഞു.

മ്യൂസിക് ആരംഭിച്ചതിലൂടെ തെലുങ്ക് ഭാഷ ഭാവി തലമുറയ്ക്കും പരിചയപ്പെടുത്തുന്ന ചരിത്രപരമായ നേട്ടമായി കരുതുന്നുവെന്ന് ടാനാ പ്രസിഡന്റ് മോഹൻ അധ്യക്ഷ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. ഭാവിയിൽ ഈ കോഴ്സ് അമേരിക്കയിലെ പ്രധാന നഗരങ്ങളിൽ ആരംഭിക്കുമെന്നും പ്രസിഡന്റ് പറഞ്ഞു. മ്യൂസിക് കോഴ്സ് കോഓർഡിനേറ്റർ മീനാക്ഷി ചടങ്ങിൽ പങ്കെടുത്തവർക്ക് പ്രത്യേകം നന്ദി പറഞ്ഞു.

ശ്രീകാന്ത്, സി.ആർ. റാവു, ഡോ. ശ്രീനിവാസ് റഡ്ഡി, വെങ്കിട്ട് നാസിം ഷെയ്ക്ക് എന്നിവരാണ് ഈ പരിപാടി വിജയിപ്പിക്കുന്നതിന് സജീവമായി പ്രവർത്തിച്ചത്.

**പി.പി. ചെറിയാൻ**

# മീന വാർഷിക വിരുന്ന് 2014 നവംബർ 8ന്



ഷിക്കാഗോ: മലയാളി എൻജിനീയേഴ്സ് അസോസിയേഷൻ ഇൻ നോർത്ത് അമേരിക്കയുടെ (മീന) ഇരുപത്തിരണ്ടാം വാർഷിക വിരുന്ന് 2014 നവംബർ എട്ടിന് ശനിയാഴ്ച വൈകിട്ട് 5.30–ന് ഓക് ബ്രൂക്കിലുള്ള ഹോളിഡേ ഇന്നിൽ വെച്ച് നടത്തുന്നു.

വടക്കേ അമേരിക്കയിലെ മലയാളികളായ എല്ലാ എൻജിനീയർമാരേയും ഒരു കുടക്കീഴിൽ കൊണ്ടുവരുക എന്ന പ്രത്യേക ദൗത്യവുമായി 1992–ൽ ഔദ്യോഗീകമായി ആരംഭിച്ച ഒരു സംഘടനയാണ് മീന. പ്രൊഫഷണൽ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നതിനും കലാ–സാംസ്കാരിക മേഖലകളിൽ പരസ്പരം ബന്ധങ്ങൾ സൃഷ്ടിക്കുന്നതിനും സാംസ്കാരിക സമ്മേളനം, ശൃംഖലാ കൂടിക്കാഴ്ചകൾ തുടങ്ങിയവയ്ക്ക് മീന വേദിയൊരുക്കുന്നു. അർഹരായ എൻജീയറിംഗ് കോളജ് വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതുൾപ്പടെയുള്ള പുരോഗമനപരമായ പല ദൗത്യങ്ങൾ മീന ഇതിനോടകം പൂർത്തിയാക്കി.

അതിവേഗം വ്യതിയാനം വന്നുകൊണ്ടിരിക്കുന്ന എൻജീനിയറിംഗ്, വിവിരസാങ്കേതിക മേഖലകളിലേക്ക് വിദഗ്ധമായ പരിശീലനം ലഭിച്ച സമർത്ഥരായ എൻജീനിയർമാരെ വാർത്തെടുക്കുക വഴി, മനുഷ്യസമൂഹത്തിന്റെ പൊതു നന്മയ്ക്കായി പ്രവർത്തിക്കുക എന്നതാണ് മീനയുടെ ലക്ഷ്യം.

എൻജിനീയറിംഗ് സാങ്കേതിക വിദ്യയിൽ മഹത്തായ സംഭാവനകൾ നൽകിയ മലയാളി എൻജീനിയർമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരാൾക്ക് എൻജിനീയർ ഓഫ് ദി ഇയർ പുരസ്കാരം മീന എല്ലാവർഷവും നൽകി ആദരിച്ചുവരുന്നു. ജെ.പി. ബാലകൃഷ്ണനാണ് ഈ വർഷത്തെ പുരസ്കാരം നൽകുന്നത്. വിവര സാങ്കേതിക വിദ്യയിൽ 23 വർഷത്തെ സേവന പരിചയമുള്ള അദ്ദേഹം ഇൻഫോസിസിന്റെ ക്ലൗഡ് സെക്ഷൻ വൈസ് പ്രസിഡന്റായും, സി.ടി.ഒ ആയും സേവനം അനുഷ്ഠിക്കുന്നു. ഡോ. ആന്റണി സത്യദാസ് ആണ് വാർഷിക വിരുന്നിന്റെ മുഖ്യാതിഥി. ഐ.ബി.എമ്മിന്റെ ആഗോള നേതൃനിരയിലുള്ള ഇദ്ദേഹം മീനയുടെ മുൻകാല എൻജിനീയർ ഓഫ് ദി ഇയർ പുരസ്കാരം നേടിയിട്ടുണ്ട്. നബ്രാസ്ക യൂണിവേഴ്സിറ്റിയിൽ നിന്നും പ്രൊഫസർ ആയി വിരമിച്ച ഡോ. നിർമ്മൽ ബ്രിട്ടോ ആണ് മുഖ്യ സന്ദേശം നൽകുന്നത്.

എൻജിനീയറിംഗ് മേഖലയിലുള്ളവരെ പരിചയപ്പെടുത്തുക, ജനങ്ങൾക്ക് പ്രയോജനകരമായ കർമ്മപരിപാടികൾ ആവിഷ്കരിക്കുക തുടങ്ങിയവയ്ക്കായി മീന നടത്തുന്ന ഈ വാർഷിക വിരുന്നിൽ വിവിധ കലാപരിപാടികളും വിഭവസമൃദ്ധമായ ഭക്ഷണവും ഒരുക്കിയിട്ടുണ്ട്. അമേരിക്കയിലുള്ള എല്ലാ എൻജിനീയർമാരേയും കുടുംബ സമേതം മീന ഭാരവാഹികൾ ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: നാരായണൻ നായർ (പ്രസിഡന്റ്) 847 366 6785, ഏബ്രഹാം ജോസഫ് (സെക്രട്ടറി) 847 302 1350, സാബു തോമസ് (പ്രോഗ്രാം കോർഡിനേറ്റർ) 630 890 5045. ഫിലിപ്പ് മാത്യു അറിയിച്ചതാണിത്.

# വൺഡേ ബാഡ്മിന്റൺ ടൂർണമെന്റ് 22 ന്




**വിനോദ് കൊണ്ടൂർ**

ഡിട്രോയ്റ്റ്: ശിശിരകാലത്തിന്റെ പടിവാതിൽക്കൽ നിൽക്കുന്ന മിഷിഗണിലെ ഡിട്രോയിറ്റിൽ, മലയാളികളുടെ കൂട്ടായ്മയായ മിഷിഗൺ മലയാളി അസോസിയേഷൻ ഒരു വൺഡേ ബാഡ്മിന്റൺ ടൂർണമെന്റ് നവംബർ 22 ന് (ശനി) നടത്തുന്നു.

വാറനിലെ മൌണ്ട് റോഡിലുള്ള അത്‌ലറ്റിക് ട്രെയിനിംഗ് കോംപ്ലക്സിലെ ഇൻഡോർ കോർട്ടിലാണ് മത്സരം. മെൻസ് ഡബിൾസും മിക്സഡ് ഡബിൾസും എന്നിങ്ങനെ രണ്ടു വിഭാഗത്തിലായിരിക്കും മത്സരങ്ങൾ.

ടൂർണമെന്റിന്റെ കൺവീനറായി ബിജോയിസ് കാവണാനും കോകൺവീനറായി ചാൾസ് തോമസും പ്രവർത്തിക്കുന്നു. ഒന്നാം സമ്മാനം 200 ഡോളറും രണ്ടാം സമ്മാനം നൂറു ഡോളറും മൂന്നാം സമ്മാനം 50 ഡോളറും എന്നിങ്ങനെ കാഷ് പ്രൈസും എവർ റോളിംഗ് ട്രോഫികളുമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്: ജോസ് ചാഴികാടൻ 734 516 0641.

# ഡിഫൻസീവ് ഡ്രൈവിംഗ് കോഴ്സ് സംഘടിപ്പിക്കുന്നു

**ജയപ്രകാശ് നായർ**

ന്യൂയോർക്ക്: ഹഡ്സൺ വാലി മലയാളി അസോസിയേഷൻ നവംബർ 15, 2014 ശനിയാഴ്ച രാവിലെ പത്തു മുതൽ നായാക്കിലെ 85 മാരിയൻ സ്ട്രീറ്റിൽ വെച്ച് അസോസിയേഷൻ അംഗങ്ങളുടെ സൗകര്യാർത്ഥം ഡിഫൻസീവ് ഡ്രൈവിംഗ് കോഴ്സ് സംഘടിപ്പിക്കുന്നു. ഇൻഷുറൻസ് പ്രീമിയത്തിൽ നിന്ന് ഇളവ് ലഭിക്കാൻ ഈ കോഴ്സ് സഹായിക്കും.

എല്ലാ മലയാളികളും ഈ കോഴ്സ് പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കോഓർഡിനേറ്റർമാരായി അലക്സാണ്ടർ പൊടിമണ്ണിൽ (8458937904), ഷാജിമോൻ വെട്ടം (8453593103) എന്നിവർ പ്രവർത്തിക്കുന്നു.

# ഗീതാമണ്ഡലം പ്രസിഡന്റ് ഹൂസ്റ്റണിലെ ഗുരുവായൂരപ്പൻ ക്ഷേത്രം സന്ദർശിച്ചു

ഹൂസ്റ്റൺ: അതിവേഗം നിർമാണം പുരോഗമിക്കുന്ന ഹൂസ്റ്റണിലെ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രം ഷിക്കാഗോ ഗീതാമണ്ഡലം പ്രസിഡന്റ് ജയ്ചന്ദ്രൻ സന്ദർശിച്ചു.

ഈ ക്ഷേത്രം അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ അഭിമാനം ഉയർത്തുമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. ഒരു പാട് വിശ്വാസികളുടെ കഠിനാധ്വാനത്തിന്റെയും അർപ്പണ ബോധത്തിന്റെയും ഉത്തമോദാഹരണം ആണ്, തികച്ചും കേരളീയ മാതൃകയിൽ പണി കഴിപ്പിക്കുന്ന ഈ ക്ഷേത്രം എന്നതിൽ സംശയമില്ല. ചരിത്ര പ്രാധാന്യം ഉള്ള ഈ ക്ഷേത്രത്തിന്റെ നിർമാണ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആവാൻ അമേരിക്കയിലെ എല്ലാ വിശ്വാസികളും മുന്നോട്ടു വരേണ്ടതുണ്ട്.

കെഎച്ച്എസ് പ്രസിഡന്റ് ഷൺമുഖൻ വല്ല്യാശേരി അദ്ദേഹത്തിന് സ്വാഗതം ആശംസിച്ചു. ക്ഷേത്രത്തിന്റെ കുംഭാഭിഷേകത്തിനു ഗീതാമണ്ഡലത്തിലെ അംഗങ്ങളുടെ സാന്നിധ്യവും പിന്തുണയും പ്രതീക്ഷിക്കുന്നതായി അദ്ദേഹം അറിയിച്ചു.

ക്ഷേത്ര നിർമാണ നിധിയിലേക്കുള്ള സംഭാവന ജയ് ചന്ദ്രൻ, ഷൺമുഖന് കൈമാറി.

# നിര്യാതരായി

## ജിമ്മി അക്കാത്തറ



ഷിക്കാഗോ: ആദ്യകാല പ്രവാസി മലയാളിയും പൂർവകാല ഷിക്കാഗോ നിവാസിയും ആയിരുന്ന ജിമ്മി അക്കാത്തറ (71) നിര്യാതനായി. പിറവം സ്വദേശിയാണ്. ഭാര്യ മേരികുട്ടി നെടിയശാല (തൊടുപുഴ) വരകാലയിൽ കുടുംബാംഗം ആണ് . പരേതന്റെ സഹോദരങ്ങൾ: ഫിലിപ്പ്/അന്നമ്മ അക്കാത്തറ മേവെള്ളൂർ , ലീലാമ്മ /മത്തച്ചൻ കണ്ടാരപള്ളിൽ കുറുപ്പുംതറ, പരേതനായ ജേക്കബ് (കുഞ്ഞച്ചൻ) റീന അക്കാത്തറ ചിക്കാഗോ , കുഞ്ഞമ്മ ബാബു എബ്രഹാം ചെറിയ മൂഴിയിൽ റാന്നി , ജോൺ/ ലിസ്സി അക്കാത്തറ ബ്രഹ്മമംഗലം , ജൈനമ്മ/പരേതനായ യേശുദാസ് പ്രാലേൽ (ന്യൂയോർക്ക്).

പരേതൻ കഴിഞ്ഞ 13 വർഷമായി നാട്ടിൽ വിശ്രമ ജീവിതം നയിച്ച് വരികയായിരുന്നു. സംസ്കാര കർമങ്ങൾ തിങ്കളാഴ്ച രാവിലെ പത്തിന് സ്വവസതിയിൽ ആരംഭിച്ച് മാങ്ങാട സെന്റ് തോമസ് പള്ളി (പിറവം) സെമിത്തേരിയിൽ. കൂടുതൽ വിവരങ്ങൾക്ക്: ജോൺ 7088280711.

## കത്രിക്കുട്ടി തോമസ്



കാഞ്ഞിരത്താനം: വടക്കുമുകളയിൽ പരേതനായ തോമസിന്റെ ഭാര്യ കത്രിക്കുട്ടി തോമസ് (88) ഒക്ടോബർ 25ന് (ശനി) രാവിലെ 7.50ന് നിര്യാതയായി. സംസ്കാരം ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് കാത്തിരത്താനം സെന്റ് ജോൺസ് പള്ളിയിൽ.

മക്കൾ: ഫാ. തോമസ് വടക്കുമുകളിയിൽ, മേരിക്കുട്ടി - കെ.ജെ. ജോസഫ് (നാഗപ്പൂർ), വി.ടി. തോമസ് - എൽസി, വി.ടി മാത്യു-സാലി, പെണ്ണമ്മ - ജോൺ തൈയിൽപീടികയിൽ(ഷിക്കാഗോ), ലൂയീസ്-ഷേർലി, ഡോ.ജോർജ്-ആനി, സാന്റി- ബീന (ഷിക്കാഗോ), ജിമ്മി -ഷീല (ഷിക്കാഗോ), പയസ് (ഷാജി) - ഷൈനി (ഷിക്കാഗോ).

കൂടുതൽ വിവരങ്ങൾക്ക്: 630 717 6558.

## പൗലോസ്



ചാലക്കുടി: മേലൂർ നാഴിയംപാറ പൗലോസ് (78) ഒക്ടോബർ 24-ന് (വെള്ളി) നിര്യാതനായി. സംസ്കാരം ചൊവ്വാഴ്ച രാവിലെ 11ന് മേലൂർ സെന്റ് ജോസഫ് ദേവാലയത്തിൽ. ഭാര്യ മേരി പൗലോസ് അങ്കമാലി ഇളവൂർ ആട്ടോക്കാരൻ കുടുംബാംഗം.

മക്കൾ: ജോസഫ് നാഴിയംപാറ (ഷിക്കാഗോ, യുഎസ്എ), ജോബി (ഷാർജ), ഫാ. സെബാസ്റ്റ്യൻ നാഴിയംപാറ (ഡയറക്ടർ, പിഡിഡിപി, കാലടി), ലിജോ (ഷാർജ), ജിജോ. മരുമക്കൾ: ജെസി (ഷിക്കാഗോ, യുഎസ്എ), സിജു, ജിലി, സിനി.

കൂടുതൽ വിവരങ്ങൾക്ക്: ജോസഫ് നാഴിയംപാറ 480 273 9434, 480 273 9833, 8086 8383 46.

## സെലിന



ചങ്ങനാശേരി: കാവാലം പുത്തൻപുര ജോയി ജോസഫ് ഐഎ ആൻഡ് എഎസിന്റെ (അശോക് ലൈലാൻഡ് മുൻ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ,ചെന്നൈ) ഭാര്യ സെലിൻ (82) നിര്യാതയായി. സംസ്കാരം ഒക്ടോബർ 29ന് ആലുവ സ്നേഹപുരം സെന്റ് ജോസഫ്സ് പള്ളി സെമിത്തേരിയിൽ നടത്തി.

പരേത ചേർത്തല നടയ്ക്കൽ പരേതനായ ഐസക് വക്കീലിന്റെ പുത്രിയാണ്.

മക്കൾ: ജോസഫ് കാവാലൻ (യുഎസ്എ), ഐസക് കാവാലൻ (യുഎസ്എ), ലീസ സാം (ദുബായ്). മരുമക്കൾ: അനി ജോസഫ് (യുഎസ്എ), സാം മണിപ്പാടം (ഡയറക്ടർ ഡിപി വേൾഡ്, ദുബായ്).

**സേവ്യർ കാവാലം**

# ഫ്രാൻസിസ് മാവേലിക്കരയുടെ 'സായന്തനം' അരങ്ങേറി

**മാർട്ടിൻ വിലങ്ങോലിൽ**



ഡാളസ്: ഡിഎഫ്ഡബ്ല്യു മലയാളി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ത്രിവി പ്രൊഡക്ഷൻസിന്റെ ഏറ്റവും പുതിയ നാടകം 'സായന്തനം' ഒക്ടോബർ 11ന് ഗാർലന്റ് സെന്റ് തോമസ് പള്ളി ഓഡിറ്റോറിയ ത്തിൽ അരങ്ങേറി.

വികാരി ഫാ. കുര്യൻ നെടുവേലി ചാലുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. സ്വന്തം മക്കളെ വളർത്താനും അവർക്ക് ഉന്നത വിദ്യാഭ്യാസം നൽകാനും സ്വയം ത്യജിച്ച് മുണ്ടുമുറുക്കിയുടുത്ത പാവപ്പെട്ട മാതാപിതാക്കളുടെ വികാര ഭരിതമായ ജീവിതാനുഭവങ്ങൾ ഹൃദയ സ്പർശിയായി ഫ്രാൻസിസ് ടി. മാവേലിക്കര 'സായാന്തനം' എന്ന നാടകത്തിലൂടെ ആവിഷ്കരിച്ചിരിക്കുന്നു.

ആധുനിക ജീവിതത്തിന്റെ സങ്കീർണതയിലും സ്വാർഥതയുടെ നീരാളിപിടുത്തത്തിലും ബന്ധങ്ങൾക്ക് വില കൽപ്പിക്കാതെ സമ്പത്തിന്റെയും പ്രശസ്തിയുടേയും പുറകെ പരക്കം പായുന്ന ഒരു തലമുറയെ ഭംഗിയായി നാടക കൃത്ത് സായന്തനത്തിലൂടെ വരച്ചു കാണിക്കുന്നു. ഈ നാടകത്തിന്റെ ആത്മസത്ത ഒട്ടും ചോരാതെ കാണികളുടെ ഹൃദയത്തിലേക്ക് എത്തിക്കാൻ ഡാളസിലെ കലാകാരന്മാർക്കു കഴിഞ്ഞു.

ചാർലി അങ്ങാടിശേരിയുടെ സംവിധാന മികവ് നാടകത്തിലുടനീളം വ്യക്തമായിരുന്നു. ഈ നാടകത്തിന്റെ ആദ്യാവസാനം വരെ നിറഞ്ഞ സദസിനെ ആകാംക്ഷാ ഭരിതമായി പിടിച്ചിരുത്താൻ നടീനടന്മാർക്കു സാധിച്ചു എന്നത് അഭിമാനിക്കാൻ ഏറെ വക തരുന്നു.

ഈ നാടകത്തിന്റെ പ്രധാന റോളുകളിലെത്തിയത് കോന്നിയൂർ ജെയിംസ് മാത്യു (കുഞ്ഞാമൻ) മീന നിബു (കുഞ്ഞി പെണ്ണ്) എന്നിവരാണ്. ഹാസ്യ കഥാപാത്രത്തെ ബെന്നി ജോൺ മറ്റക്കര (ഗോവിന്ദൻ കുട്ടി) വളരെ നന്നായി രംഗത്തെത്തിച്ചു. മക്കളുടെ റോളിലെത്തിയ സെബാസ്റ്റ്യൻ മാണി (രാമനുണ്ണി) ഷാജി വേണാട്ട് (കൃഷ്ണനുണ്ണി), മരുമക്കളുടെ റോളി ലത്തിയ ലിസമ്മ സേവ്യർ (ആനന്ദ വല്ലി), ജിജി ആറാംചേരിൽ(ചിത്രലേഖ) എന്നിവർ വേഷമിട്ടു.

നാടകം സംവിധാനം ചെയ്ത ചാർലി അങ്ങാടിശേരിൽ തന്നെയാണ് (സത്യനാഥൻ) വില്ലൻ കഥാപാത്രത്തെ അവതരിപ്പിച്ചത്.

വിൻസെന്റ് യൂജിൻ ടീം പശ്ചാത്തല സംഗീതം ഒരുക്കി. ശബ്ദം നിയന്ത്രിച്ചത് അനിയൻ കുഞ്ഞാണ്. നിബു പോൾ, ബാബു കണ്ടോത്ത്, വില്യംസ്, സാബു സേവ്യർ എന്നിവർ സ്റ്റേറ്റ് മാനേജ്മെന്റ്, മേക്കപ്പ് ലൈറ്റ് അറേഞ്ച്മെന്റ് എന്നീ മേഖലകളിൽ സഹായിച്ചു.

# മർത്തോമ, സിഎസ്ഐ, സിഎൻഐ സഭാ ഐക്യ പ്രാർഥനാദിനം നവംബർ ഒമ്പതിന്

**പി.പി. ചെറിയാൻ**



ന്യൂയോർക്ക്: സഭകൾ തമ്മിലുള്ള ഐക്യബന്ധം നിലനിർത്തുന്നതിനും ദൗത്യ നിർവഹണത്തിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിനും സഹായകരമായ പരിപാടികൾ ക്രമീകരിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകൃതമായ കമ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ എല്ലാ വർഷവും നവംബർ 2ന് ആചരിക്കുന്ന ഐക്യ പ്രാർഥനാദിനം ഈ വർഷം നവംബർ ഒമ്പതിന് നടക്കും.

നോർത്ത് അമേരിക്ക ഭദ്രാസനം ഉൾപ്പെടെ മാർത്തോമ, സിഎസ്ഐ, സിഎൻഐ ചർച്ചുകളിൽ അന്നേ ദിവസം പ്രത്യേക പ്രാർഥനകളും ഐക്യത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള വചന ഘോഷണവും ഉണ്ടായിരിക്കും. സാധ്യമായ സ്ഥലങ്ങളിൽ സിഎസ്ഐ, സിഎൻഐ മാർത്തോമ ഇടവക ജനങ്ങളുടെ ഒരുമിച്ചുള്ള ആരാധന, വിശുദ്ധ കുർബാന, പട്ടക്കാരുടെ പുൾപിറ്റ് എക്സ്ചേഞ്ച് ഐക്യ പ്രാർഥന കൂട്ടങ്ങൾ എന്നിവ ക്രമീകരിക്കുന്നതിന് ശ്രമിക്കണമെന്ന് ജോസഫ് മാർത്തോമ മെത്രാപോലീത്ത ഉദ്ബോധിപ്പിച്ചു.

ക്രൈസ്തവ സഭയിൽകൂടെ നിർവഹിക്കപ്പെടുന്ന പ്രേ ക്ഷിത പ്രവർത്തനം പൂർവാ ധികം ഫലപ്രദമായി തീരു ന്നതിനും സഭ ഐക്യത്തി നായുളള പരിശ്രമങ്ങൾ മു ഖാന്തരം കൂടുതൽ വിശാ ലതയും വിശ്വദർശനവും ഉൾക്കൊള്ളുന്നതിനും വിശ്വസാഹോദര്യത്തിന്റെ മാനങ്ങൾ ഉൾക്കൊണ്ട് സൃഷ്ടി സമഗ്രതയ്ക്കുവേണ്ടി പ്രവർത്തിക്കണമെന്ന് മെത്രാപോലീത്തയുടെ പ്രത്യേക സന്ദേശത്തിൽ പറയുന്നു.

സിഎസ്ഐ, സിഎൻഐ സഭകളിൽ വനിതാ പൗരോഹിത്യം അനുവദിക്കുകയും വനിതകൾ പട്ടത്വ ശുശ്രൂഷ നിർവഹിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ വനിതാ പൗരോഹിത്യം അനുവദിക്കാത്ത മാർത്തോമ സഭയിൽ, പുൾപിറ്റ് എക്സചേഞ്ചിന്റെ പേരിൽ വനിതാ പട്ടക്കാർക്ക് കുർബാന അനുവദിക്കുവാൻ അവസരം ലഭിക്കുമെന്നാണ് പൊതുവേ കരുതപ്പെടുന്നത്.

# നാമം സുവനീറിലേക്ക് രചനകൾ ക്ഷണിക്കുന്നു

ന്യൂജേഴ്സി: ട്രൈസ്റ്റേറ്റ് മേഖലയിലെ പ്രവാസികൾക്ക് വേണ്ടി ശ്രദ്ധേയമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്ന നാമം എന്ന പ്രമുഖ സാംസ്കാരിക സംഘടനയുടെ അഞ്ചാം വാർഷികാഘോഷ പരിപാടികളുടെ ഭാഗമായി സുവനീർ പ്രസിദ്ധീകരിക്കുന്നു.

ഡിസംബർ 13ന് സംഘടിപ്പിക്കുന്ന നാമം എക്സലൻസ് അവാർഡ് ദാനത്തോടനുബന്ധിച്ചുള്ള ചടങ്ങിൽ വച്ചാണ് സുവനീർ പ്രകാശനം. സുവനീറിലേക്ക് രചനകൾ ക്ഷണിക്കുന്നതായി നാമം സ്ഥാപകനും പ്രസിഡന്റുമായ മാധവൻ ബി നായർ അറിയിച്ചു. ലേഖനങ്ങൾ, സന്ദേശങ്ങൾ, കഥ, കവിത, ചിത്രങ്ങൾ തുടങ്ങിയവയാണ് പരിഗണിക്കുന്നത്. ജയകൃഷ്ണൻ നായർ, രാജശ്രീ പിന്റോ, ഡോ. ആശ വിജയകുമാർ എന്നിവർക്കാണ് സുവനീറിന്റെ ചുമതലയെന്ന് ആനുവൽ ബാങ്കറ്റ് പ്രോഗ്രാം കൺവീനർ വിനീത നായർ പറഞ്ഞു.

klvineetha@yahoo.com എന്ന ഇമെയിലിലേക്കാണ് രചനകൾ അയക്കേണ്ടത്. നവംബർ 15 ആണ് രചനകൾ ലഭിക്കേണ്ട അവസാന തീയതി.

**വാർത്തകൾക്ക്...**

Tel: 267-991-211 e-mail

:georgethazhakara@gmail.com



ജോയ് വാഴയിൽ



# ഗലീലിയോ–ആധുനിക ശാസ്ത്രത്തിന്റെപിതാവ്



**ആ**ധുനിക ശാസ്ത്രത്തിന് രൂപവും രീതിയും നൽകിയ മഹത്തായ സംഭാവനകൾക്കുടമയാണ് ഗലീലിയോ. എന്നാൽ ജീവിതത്തിന്റെ നാടകീയതയിൽ, ഒരു ഭാവനാസൃഷ്ടമായ കൃതിയെക്കാളും ചടുലത വിധിവശാൽ സംഭവിച്ച ഗലീലിയോയുടെ ജീവിതം ശാസ്ത്രജ്ഞരെ മാത്രമല്ല, എല്ലാ തുറകളിലുമുള്ള ആളുകളെയും എന്നും ആകർഷിച്ചിട്ടുണ്ട്. സൗരകേന്ദ്രീകൃതപ്രപഞ്ചസങ്കല്പത്തിന്റെ ഉപജ്ഞാതാവായി പരിഗണിക്കപ്പെടുന്നത് കോപ്പർനിക്കസ് ആണെങ്കിലും, അതിന്റെ പേരിൽ റോമിലെ സഭയുടെ പീഡനത്തിനു വിധേയനായ ഗലീലിയോ ആണ് ആ സത്യം ലോകത്തിന് തുറന്നുകാട്ടിയത്. സഭയുടെ 'ഇൻക്വിസിഷൻ' മാത്രമല്ല അദ്ദേഹത്തിന്റെ ജീവിതം സവിശേഷവും നാടകീയവുമാക്കിത്തീർത്തത്. നിമയവിധേയമല്ലാതിരുന്ന അദ്ദേഹത്തിന്റെ കുടുംബബന്ധവും, സന്യാസിനിയായിരുന്ന മൂത്തമകൾ മരിയയുടെ അനന്യമായ സ്വഭാവ-ധിഷണാശേഷികളുമെല്ലാം ആ ജീവിതപഠിതാക്കളുടെ സവിശേഷമായ ശ്രദ്ധ യ്ക്ക് പാത്രീഭവിച്ചിട്ടുണ്ട്.

ഗലീലിയോ ഇറ്റലിയിലെ പിസയിൽ സംഗീതജ്ഞനായിരുന്ന പിതാവിന്റെ ഏഴുമക്കളിൽ മൂത്തവനായി 1564 ഫെബ്രുവരി പതിനഞ്ചിനു ജനിച്ചു. സാമൂഹികമായി കുലീനരെങ്കിലും സാമ്പത്തികമായി പിന്നോക്കമായിരുന്നതിനാൽ, കൂടുതൽ വരുമാനം ലഭിക്കുന്ന വൈദ്യവൃത്തിയ്ക്ക് മകനെ അയയ്ക്കാനാണ് അദ്ദേഹത്തിന്റെ പിതാവ് മോഹിച്ചത്. പക്ഷേ, ഗണിതമാണ് ഗലീലിയോവിനെ ഏറ്റവും ആകർഷിച്ചത്. അതുകൊണ്ട് വൈദ്യപഠനം മതിയാക്കി അദ്ദേഹം ഗണിതവഴിയ്ക്ക് തിരിഞ്ഞു. അതിനാൽ സർവ്വകലാശാലയിൽ നിന്ന് ബിരുദമെടുക്കാൻ കഴിഞ്ഞുമില്ല. ഇരുപതാം വയസ്സിൽ പിസ സർവ്വകലാശാലയിൽ പഠിക്കുമ്പോഴാണ് അവിടത്തെ കത്തീഡ്രലിലെ വിളക്കിന്റെ ദോലനസമയം നാഡിമിടിപ്പുകൾ കൊണ്ട് എണ്ണി, ഗലീലിയോ പ്രശസ്തമായ 'പെൻഡുലത്തിന്റെ നിയമം' ആവിഷ്കരിച്ചത്.

സർവ്വകലാശാലയിൽ നിന്ന് പുറത്തെത്തിയ ഗലീലിയോ ഗണിത ട്യൂഷനെടുത്ത് ജീവിക്കാനുള്ള വക കണ്ടെത്തി. അപ്പോഴാണ് പിസാസർവ്വകലാശാലയിൽ അദ്ദേഹത്തിന് അദ്ധ്യാപകനായി നിയമനം ലഭിക്കുന്നത്. 'ഡാന്റെ'യുടെ പ്രശസ്തമായ 'ഡിവൈൻ കോമഡി' യിലെ നരകത്തിന്റെ വിവരണത്തിൽ നിന്നും അതിന്റെ അളവുകൾ ഗണിച്ചെടുത്ത നേട്ടം കൊണ്ടാണ്, ബിരുദമില്ലാതിരുന്നിട്ടും ഈ നിയമനം തരപ്പെട്ടത് എന്നു പറയപ്പെടുന്നു. നിലവിലിരുന്ന പല വിശ്വാസങ്ങളേയും തെളിവില്ലായ്മയുടെ പേരിൽ അദ്ദേഹം ചോദ്യം ചെയ്യാനാരംഭിച്ചതും ഇക്കാലത്താണ്. പിസയിലെ ചരിഞ്ഞ ഗോപുരത്തിൽനിന്ന് പല വലിപ്പത്തിലുള്ള കല്ലുകൾ താഴേക്കിട്ടുകൊണ്ട്, നൂറ്റാണ്ടുകളായി നിലവിലിരുന്ന അരിസ്റ്റോട്ടിലിന്റെ നിഗമനം- അവ കനമനുസരിച്ച് പലപ്പോഴായി നിലത്തെത്തുമെന്നത്- അദ്ദേഹം തിരുത്തിക്കുറിച്ചതും ചലനശാസ്ത്രത്തിന് അടിസ്ഥാനശില പാകിയതും ഇക്കാലത്താണ്. എന്നാൽ, ഗലീലിയോവിന്റെ ഇത്തരം പ്രവർത്തനങ്ങളിലുള്ള എതിർപ്പു കൊണ്ടും സ്വഭാവത്തിലെ പരുഷ്യം കൊണ്ടും പിസയിലെ ജോലി നഷ്ടപ്പെടുകയാണുണ്ടായത്.

ഇതിനിടെ പിതാവ് അന്തരിച്ചതിനാൽ സഹോദരിയുടെ സ്ത്രീധനം നല്കാൻ പണമില്ലാതെ തളർന്ന ഗലീലിയോ, ചില ഉപകരണങ്ങൾ കണ്ടുപിടിച്ച് അവ നിർമ്മിച്ചുവിറ്റ് പണം സമ്പാദിക്കുവാൻ ശ്രമിച്ചു. പാദുവ സർവ്വകലാശാലയിൽ പ്രൊഫസറുദ്യോഗം ലഭിച്ചത് വളരെ സഹായകമായി. ഗവേഷണവും മുറയ്ക്കു നടന്നു. എന്നാൽ, ഒരു ഘട്ടത്തിൽ സ്ത്രീധനക്കടം വീട്ടാത്തതിനാൽ അറസ്റ്റു ചെയ്യിക്കുമെന്ന സഹോദരീഭർത്താവിന്റെ ഭീഷണിയും അദ്ദേഹത്തിനു നേരിടേണ്ടിവന്നു.

പാദ്വായിലെ 'സാഗെഡ്രോ' എന്ന ഒരു കുലീനപ്രഭുവിന്റെ അടുത്ത സുഹൃത്തായിരുന്നു ഗലീലിയോ. ഇക്കാലത്താണ് വെനീസിൽ 'മാരിന ഗമ്പ' എന്നു പേരുള്ള വളരെ താഴ്ന്ന കുടുംബത്തിലുള്ള ഒരു യുവതിയുമായുള്ള അദ്ദേഹത്തിന്റെ പ്രണയബന്ധം. പ്രൊഫസറുദ്യോഗത്തിന്റെ മാന്യത നിലനിർത്തേണ്ടതിനാൽ അദ്ദേഹം മാരിനയെ നിയമപരമായി വിവാഹം ചെയ്യുകയുണ്ടായില്ല എന്നതിൽ നിന്ന് മാരിനയുടെ സാമൂഹ്യനില ഊഹിക്കാവുന്നതാണ്. മാരിനയുമായുള്ള ബന്ധത്തിൽ ഗലീലിയോയ്ക്ക് മൂന്നു കുട്ടികൾ ഉണ്ടായി- രണ്ടു പെൺകുട്ടികളും ഒരു ആൺകുട്ടിയും.

വെനീസും അതിന്റെ ഭാഗമായിരുന്ന പാദ്വയും റോമൻസഭയുടെ അധികാരത്തിലല്ലാതെ സ്വതന്ത്രമായിരുന്നതിനാലും പാദ്വ സർവ്വകലാശാലയിൽ ഗവേഷണത്തിന് നല്ല അന്തരീക്ഷമായിരുന്നതിനാലും ഗലീലിയോ പാദ്വയിലെ താമസം ഇഷ്ടപ്പെട്ടു. അവിടെവച്ചാണ് അദ്ദേഹം ശക്തമായ ഒരു ദൂരദർശിനി ഉണ്ടാക്കി വെനീസിലെ സെനറ്റിനെ അമ്പരപ്പിച്ചത്. തുടർന്ന് ഗലീലിയോ, ചന്ദ്രന്റെ പ്രതലവും, വ്യാഴത്തിന്റെ മൂന്നു ഉപഗ്രഹങ്ങളും ശനിയുടെ വലയങ്ങളും നിരീക്ഷിക്കുകയും 'നക്ഷത്രദൂതൻ' എന്നൊരു പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഈ അവസരത്തിലാണ് ഗലീലിയോ വെനീസ് റിപ്പബ്ലിക് വിട്ട് പോപ്പിന്റെ അധികാരത്തിലുള്ള ടസ്കനിപ്രഭുവിന്റെ കൊട്ടാരത്തിൽ 'തത്വചിന്തകനും ഗണിതജ്ഞനു'മെന്ന പദവി 1610ൽ സ്വീകരിച്ചത്. അപകടകരമായ ഈ നടപടിയിലേക്ക് അദ്ദേഹത്തെ നയിച്ച ചേതോവികാരം എന്തെന്ന് വ്യക്തമല്ലെങ്കിലും (അദ്ധ്യാപനച്ചുമതലയിൽ നിന്നു ഒഴിവു നേടുകയെന്നതാണ് കാരണമായി പറഞ്ഞത്) മാരിനയിലുണ്ടായ തന്റെ കുട്ടികളുടെ ഭാവിയെക്കരുതിയാണ് മണ്ടത്തരമെന്നു തോന്നാവുന്ന ഈ നടപടി ഗലീലിയോ സ്വീകരിച്ചത് എന്ന് അനുമാനിക്കാവുന്നതാണ്. തുടർന്ന് അദ്ദേഹം കുട്ടികളുമായി ടസ്കനിയിലേക്കു പോവുകയും അവിടത്തെ ഭരണകർത്താവായ പ്രഭുവിന്റെ സഹായത്തോടെ ഏറെ ക്ലേശിച്ച് മൂത്ത പെൺകുട്ടികളെ രണ്ടു പേരെയും ഒരു സന്യാസിനീസഭയിൽ ചേർക്കുകയും ചെയ്തു. നിയമപരമല്ലാത്ത പെൺകുട്ടികളെന്ന നിലയിൽ അവർക്കു വിവാഹം അസാദ്ധ്യമായിരുന്നതിനാലാണ് ഇങ്ങനെ ചെയ്തത്. ആൺകുട്ടിയെ വളരെ നാളത്തെ ശ്രമഫലമായി നിയമപരമായി തന്റെ മകനായി പ്രഖ്യാപിപ്പിക്കുവാൻ കഴിഞ്ഞു.

ദൂരദർശനിയിലൂടെയുള്ള നിരീക്ഷണങ്ങൾ ഗലീലിയോവിനെ സൗന്ദര്യസിദ്ധാന്തത്തിലേക്കു നയിച്ചു. ഇതുമൂലം ഗലീലിയോവിനെതിരെ സഭ കുറ്റം ചുമത്തിയെങ്കിലും 1616 മേയിൽ താക്കീതു നൽകി നടപടി അവസാനിപ്പിച്ചു.

1623 ജൂണിൽ പോപ്പ് അർബൻ എട്ടാമൻ റോമിൽ വാഴിക്കപ്പെട്ടു. ഗലീലിയോയുമായി സൗഹൃദത്തിലായിരുന്ന അദ്ദേഹത്തിന്റെ സ്ഥാനാരോഹണത്തിനുശേഷം ഗലീലിയോ സൗരയൂഥത്തെ സംബന്ധിച്ച പുസ്തകം പ്രസിദ്ധീകരിക്കാൻ നിബന്ധനകളോടെ അനുമതി നേടി. 1632 ഫെബ്രുവരിയിൽ പ്രസിദ്ധീകരിച്ച 'ലോകത്തിന്റെ രണ്ടു പ്രധാന സംവിധാനങ്ങളെ സംബന്ധിച്ച സംവാദം' എന്ന ആ പുസ്തകം അദ്ദേഹത്തിന്റെ ജീവിതം മാറ്റിമറിക്കുകയാണ് ഉണ്ടായത്. മുമ്പ് നൽകിയ താക്കീത് ലംഘിച്ച് എഴുതിയ കൃതിയാണ് അതെന്ന കുറ്റം ചുമത്തി സഭ വീണ്ടും അദ്ദേഹത്തെ വിചാരണയ്ക്ക് വിളിപ്പിച്ചു. പോപ്പ് അർബൻ എട്ടാമൻ ശത്രുപക്ഷത്തേക്ക് മാറിയിരുന്നു. ശിഷ്ടകാലം തടങ്കലിൽ കഴിയാനുള്ള ശിക്ഷയും ലഭിച്ചു.

ഗലീലിയോയുടെ ജീവിതത്തിലെ ഏറ്റവും പ്രകാശമാനമായ വ്യക്തിത്വമാണ് അദ്ദേഹത്തിന്റെ മൂത്ത മകൾ സിസ്റ്റർ മരിയ സെലസ്റ്റി. ബുദ്ധിമതിയും അതിലുപരി ഉത്തമ സ്വഭാവഗുണങ്ങളുടെ വിളനിലവുമായിരുന്ന മരിയ ഗലീലിയോയ്ക്ക് താങ്ങും തണലുമായിരുന്നു. അച്ഛനും മകളും തമ്മിലുള്ള കത്തുകൾ നിസ്തുലമായ ആ പിതൃപുത്രി ബന്ധത്തിന്റെ മനോഹരമായ ആവിഷ്കാരങ്ങളാണ്. മരിയ പിതാവിന് അയച്ച 124 കത്തുകളാണ് ഇന്ന് അവശേഷിച്ചിട്ടുള്ളത്. ഗലീലിയോ വിചാരണ നേരിട്ടപ്പോൾ, മകൾ സഭാ സന്യാസിനിയായിട്ടും, പിതാവിന് തുണയായി ശക്തി പകർന്നു. നിർഭാഗ്യവശാൽ, ഗലീലിയോ വീട്ടു തടങ്കലിന് മകളുടെ ആശ്രമത്തിന് അരികെയുള്ള (ആർസെട്രി) ഒരു ഭവനം രൂപപ്പെടുത്തിയെങ്കിലും രോഗബാധിതയായി മരിയ അധികം താമസിയാതെ (ഏപ്രിൽ 1, 1634) പിതാവിനെ വിട്ടുപിരിഞ്ഞു. 33 വയസിലുള്ള ആ മരണം ഗലീലിയോവിന് വലിയ ആഘാതമാണ് ഉണ്ടാക്കിയത്.

1642 ജനുവരി 8ൽ മരണംവരെ ഗലീലിയോ ശാസ്ത്രഗവേഷണത്തിൽ വ്യാപൃതനായിരുന്നു. അവസാനകാലത്ത് 'വിവിയാനി'യെന്ന ഒരു ശിഷ്യനായിരുന്നു ഗവേഷണത്തിന് തുണ. വിവിയാനി അദ്ദേഹത്തിന് മകനെപ്പോലെയായിരുന്നു.

മരണശേഷം കുടുംബകല്ലറയിൽ സംസ്കാരത്തിന് അനുമതി ലഭിച്ചില്ലെങ്കിലും, ഗലീലിയോവിന്റെ മരണത്തിന് 350 വർഷങ്ങൾക്കുശേഷം, 1992ൽ അദ്ദേഹത്തെ വത്തിക്കാൻ പൂർണ്ണമായി കുറ്റവിമുക്തനാക്കി.

സംഭവബഹുലമായ ആ ജീവിതം നിരീക്ഷണങ്ങളിലൂടെ സത്യം കണ്ടെത്തണമെന്ന ശാസ്ത്രരീതിയ്ക്ക് അടിത്തറയിട്ടതിനാൽ, ആധുനികശാസ്ത്രത്തിന്റെ പിതാവായി അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു. എന്നാൽ ഔദ്യോഗിക-വൈയക്തിക ജീവിതത്തിൽ ഇത്രയേറെ ദൗർഭാഗ്യങ്ങളെ നേരിട്ട മഹാന്മാരായ ചിന്തകന്മാർ മറ്റാരെങ്കിലുമുണ്ടോ എന്നത് സംശയമാണ്. ആ ജീവിതം മനുഷ്യസംസ്കാരത്തിന്റെതന്നെ വീക്ഷണഗതിക്ക് ദിശാബോധം നൽകിയ മഹത്തായ സംഭവമായി എന്നും പരിലസിക്കും.



# ഗൃഹാതുരത്വത്തിന്റെ തിരുമുറ്റം

**ടി.പി.ശാസ്തമംഗലം**

**ക**വിതയുടെ തട്ടകത്തിൽ പയറ്റിത്തെളിഞ്ഞശേഷം ഗാനരചനാരംഗത്തേക്കുവന്ന കവിയാണ് ഒ.എൻ.വി.കുറുപ്പ്. അതുകൊണ്ടുതന്നെ കവിതയും ഗാനവും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ മറ്റാരെക്കാളും നന്നായി അദ്ദേഹത്തിനറിയാം. 'മിന്നൽപ്പിണറിനെപ്പോലെ, മിന്നാമിനുങ്ങിനെപ്പോലെ, ഓണത്തിനു വന്നുപോവാറുള്ള മുക്കുറ്റിപ്പൂവിനെപ്പോലെ, ഗാനങ്ങളും ക്ഷണികായുസ്സായ ഒരു വർഗ്ഗമാണെന്നത് ഒരു സാമാന്യസത്യമാണ്. എന്നാൽ, അവയിൽ ചിലത് പതിറ്റാണ്ടുകളെ അതിജീവിക്കുകയും ജീവിതത്തിന്റെ ശാദ്വലതടങ്ങളെ ആർദ്രമാക്കുകയും ചെയ്യുമ്പോൾ ഏറ്റവും എളിയ ഈ സർഗ്ഗാനുഷ്ഠാനവും വ്യർത്ഥമായില്ല എന്നൊരു തോന്നൽ' (ഒ.എൻ.വിയുടെ ഗാനങ്ങൾ- ആമുഖം) എന്ന് ആശ്വസിക്കാനും അഭിമാനിക്കാനും കവിക്കു സാധിക്കുന്നതും മറ്റൊന്നും കൊണ്ടല്ല.

ഇത് ഒരുവശം മാത്രം. ഇതിനൊരു മറുവശമുണ്ട്. ഗാനത്തിൽ കവിതയുടെ അംശം എത്രത്തോളം ഉണ്ടാകുമോ അത്രത്തോളം അത് ആസ്വാദകഹൃദയങ്ങളോടടുക്കും. ഈ സാരസ്വതരഹസ്യം ഗ്രഹിച്ചതുകൊണ്ടാവാം കവിതയും ഗാനവും തമ്മിലുള്ള അതിർവരമ്പു വളരെ നേർത്തായി ഒ.എൻ.വി ഗീതികളിൽ പലപ്പോഴും അനുഭവപ്പെടാറുള്ളത്. അദ്ദേഹം മുമ്പെഴുതിയ കവിതകൾപോലും സാന്ദർഭികമായി ചില ചിത്രങ്ങൾക്കു ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അക്കൂട്ടത്തിൽ എടുത്തു പറയാവുന്നതാണ് 'ചില്ല്' എന്ന ചിത്രത്തിലെ കവിത (ഗാനം)

*"ഒരുവട്ടം കൂടിയെന്നോർമ്മകൾ മേയുന്ന*
*തിരുമുറ്റത്തെത്തുവാൻ മോഹം!*
*തിരുമുറ്റത്തൊരുകോണിൽ നില്ക്കുന്നൊരാനെല്ലി-*
*മരമൊന്നുലുത്തുവാൻ മോഹം!"*

ഒ.എൻ.വി കവിതകൾക്ക് ഗൃഹാതുരത്വം എന്നും മുഖമുദ്രയാണ്. 'ചോറൂണ്' എന്ന കവിതയിൽ അതിന്റെ മൂർത്തഭാവം നാം ദർശിച്ചതാണല്ലോ. 'വളപ്പൊട്ടുകൾ' എന്ന കാവ്യസമാഹാരത്തിലെ ഈ കവിത 'ചില്ലി'ലെ ഗാനമായി മാറിയപ്പോൾ ഇത് ആ ചിത്രത്തിനുവേണ്ടി എഴുതിയതല്ല എന്നു പറയാനാകാത്തവിധം അത്രയ്ക്കു കഥാഗാത്രത്തോടെ ഒട്ടിച്ചേർന്നു നിൽക്കുന്നു. എം.ബി.ശ്രീനിവാസൻ ഈ ഗാനത്തിനു കൊടുത്ത അനുപമമായ സംഗീതം വരികൾക്കു കൂടുതൽ ഔന്നത്യവും സൗന്ദര്യവും തോന്നിപ്പിക്കാൻ പ്രേരകമായി.

ഗാനത്തിൽ കവി സൂചിപ്പിക്കുന്ന തിരുമുറ്റം വിദ്യാലയത്തിന്റേതാവാം, മുമ്പു താമസിച്ച വീടിന്റേതാവാം, ഇതൊന്നുമല്ലെങ്കിൽ വെറെയേതെങ്കിലുമിടമാവാം. എവിടെയാണെന്നതിനെക്കാൾ ഓർമ്മകൾ മേയുന്ന തിരുമുറ്റത്തെത്തുവാൻ മോഹിപ്പിക്കുന്നതാണ് പ്രധാനം. മുമ്പു ചെയ്ത കുസൃതിത്തരങ്ങൾ മുഴുവൻ ആവർത്തിക്കാൻ കവി ആഗ്രഹിക്കുന്നു. അവയിലൊന്ന് തിരുമുറ്റത്തു ഒരു കോണിൽ നില്ക്കുന്ന നെല്ലിമരമൊന്നുലുത്തണം എന്നതത്രേ. എന്നിട്ടോ?

*"അടരുന്ന കായ്മണികൾ പൊഴിയുമ്പോൾ, ചെന്നെടു-*
*ത്തതിലൊന്നു തിന്നുവാൻ മോഹം*
*സുഖമെഴും കയ്പും പുളിപ്പും മധുരവും*
*നുകരുവാനിപ്പോഴും മോഹം!*
*തൊടിയിലെക്കിണർവെള്ളം കോരിക്കുടി 'ച്ചെന്തു*
*മധുര'മെന്നോതുവാൻ മോഹം!!"*

കവിയുടെ മോഹങ്ങൾ അങ്ങനെ നീളുകയാണ്. നെല്ലിമരം ഉലുത്തുന്നത് വെറുതെയല്ല. അതിൽനിന്ന് അടരുന്ന കായ്മണികൾ ചെന്നെടുത്ത് അതിലൊന്ന് തിന്നണം. നെല്ലിക്കയുടെ സുഖമെഴും കയ്പും പുളിപ്പും മധുരവും നുകരണം. തൊടിയിലെ കിണർവെള്ളം കോരിക്കുടിച്ച് എന്തു മധുരമെന്ന് ഓതണം. നെല്ലിക്കയ്ക്ക് കയ്പും (സുഖമെഴും കയ്പെന്ന കവിവാക്യം എത്രസത്യം) പുളിപ്പും മധുരവുമുണ്ട് എന്നതു ശരിതന്നെ. ഇവിടെ പൊയ്പ്പോയ കാലത്തിന്റെ (ജീവിതത്തിന്റെയും) കയ്പും പുളിപ്പും മധുരവും വീണ്ടും നുകരാൻ കവി കൊതിക്കുന്നു. സ്വന്തമായുള്ളതെന്തും വിശിഷ്ടമാണെന്നു സ്ഥാപിക്കുകകൂടി ഇവിടെ കവിയുടെ ലക്ഷ്യമല്ലേ എന്ന് ന്യായമായും നമുക്കു സംശയിക്കാം. നെല്ലിക്ക തിന്നിട്ട് വെള്ളം കുടിച്ചാൽ മധുരമനുഭവപ്പെടും എന്ന് നമുക്കു അനുഭവമുള്ളതാണ്. അതിനെ കാവ്യവിഷയമാക്കി മാറ്റി മറ്റൊരു അർത്ഥതലം നൽകുകയാണ് ഒ.എൻ.വി

*"ഒരുവട്ടം കൂടിയാപ്പുഴയുടെ തീരത്തു*
*വെറുതേ ഇരിക്കുവാൻ മോഹം!*
*വെറുതേ ഇരുന്നേതോ കുയിലിന്റെ പാട്ടുകേ-*
*ട്ടെതിർപാട്ടുപാടുവാൻ മോഹം!!"*

തൊടിയും കിണറും നെല്ലിമരവും പുഴയും ഒക്കെയുണ്ട് എന്നതിൽ നിന്ന് കവി എത്താൻ കൊതിക്കുന്ന തിരുമുറ്റം ഏതോ നാട്ടിൻപുറത്തുള്ളതാണെന്നു കരുതാം. പുഴയുടെ തീരത്തു വെറുതെ ചെന്നിരിക്കുന്നതിന്റെ രസം അങ്ങനെ ചെന്നിരിന്നിട്ടുള്ളവർക്കേ മനസ്സിലാവുകയുള്ളു. കാവ്യഹൃദയമുള്ളവരാണെങ്കിൽ പറയുകയും വേണ്ട. ഒന്നാന്തരം കവിതകൾ ആ 'ഏകാന്തവാസ'ത്തിൽ നിന്നു പിറക്കും. അങ്ങനെ ഇരിക്കുമ്പോൾ കുയിലിന്റെ പാട്ടു കേൾക്കാം. കൗമാരത്തിന്റെയോ യൗവനത്തിന്റെയോ തമാശകളുടെ കൂട്ടത്തിൽ കുയിലിനെ അനുകരിച്ച് എതിർപാട്ടു പാടുന്നതുൾപ്പെടും

*"അതുകേൾക്കെ ഉച്ചത്തിൽ കൂകും കുയിലിന്റെ*
*ശ്രുതി പിന്തുടരുവാൻ മോഹം*
*ഒടുവിൽ പിണങ്ങിപ്പറന്നു പോം പക്ഷിയോട്*
*'അരുതേ'യെന്നോതുവാൻ മോഹം!*
*വെറുതേയീമോഹങ്ങളെന്നറിയുമ്പോഴും*
*വെറുതെ മോഹിക്കുവാൻ മോഹം!"*

ശരിയാണ്, കുയിലിനെ അനുകരിച്ച് നാം പാടിയാൽ അതു കൂടുതൽ ഉച്ചത്തിൽ പാടും. നമ്മളും ഒച്ചകൂട്ടും. ഒടുവിൽ പിണങ്ങിപ്പോകുന്നത് ആ പക്ഷിയായിരിക്കും. കുയിൽ പറന്നകലുമ്പോഴാണ് 'പൊയ്ക്കളഞ്ഞല്ലോ' എന്ന വ്യഥ തോന്നുന്നത്. കവിക്കുതന്നെ യറിയാം മോഹങ്ങളെല്ലാം വെറുതെയാണെന്ന്. എങ്കിലും വെറുതെ മോഹിക്കുന്നതിനുമുണ്ടല്ലോ ഒരു സുഖം! അങ്ങനെ മോഹിക്കാൻ കഴിയുന്നതുപോലും അനുഭൂതിദായകമാണ്. ഈ ഗാനത്തെ സംബന്ധിച്ചിടത്തോളം ഒടുവിലത്തെ വരികളിലാണ് കവിതയുടെ ആത്മാവു മുഴുവൻ കുടികൊള്ളുന്നത്.

മലയാളിയല്ലാത്ത എം.ബി.ശ്രീനിവാസനാണ് ഈ ഗാനം ചിട്ടപ്പെടുത്തിയത്. ചില നീട്ടലുകളും ഊന്നലുകളും കൊണ്ട് അദ്ദേഹം കവിയോട് പൂർണ്ണമായും നീതിപുലർത്തിയിരിക്കുന്നു. യേശുദാസും എസ്.ജാനകിയും വെവ്വേറെ പാടി ഈ ഗാനം പുറത്തുവന്നു. അവരുടെ സംഭാവന കൂടിയായപ്പോൾ 'ചില്ലി'ലെ ഈ ഗാനം എന്നും മനസ്സിൽ ചില്ലിട്ടു സൂക്ഷിക്കാൻ പാകത്തിൽ അത്രയ്ക്കു ഉജ്ജ്വലമായി എന്നു തന്നെ പറയണം.

## പങ്കുവയ്ക്കൽ

**ബാബു ആലപ്പുഴ**

**ആ**ന്റണിമാസ്റ്ററും അന്നമ്മ ടീച്ചറും ഇപ്പോൾ വൃദ്ധരും അവശരുമാണ്. രണ്ടുപേരുടേയും അദ്ധ്വാനഫലം കൊണ്ട് വാങ്ങിയ സാമാന്യം തെറ്റില്ലാത്ത ഒരു വീട്ടിലാണ് താമസം. ഇവർക്ക് രണ്ട് ആൺമക്കൾ. മൂത്തമകനും ഭാര്യയും രണ്ട് മക്കളും തൊട്ടടുത്ത് വാടകവീട്ടിലാണ്. ഇളയ മകനും ഭാര്യയും ഒരു കുട്ടിയും കുടുംബവീട്ടിൽ വൃദ്ധരോടൊപ്പം കഴിയുന്നു.

മരുമകൾക്ക് വൃദ്ധരെ കണ്ണിനു കണ്ടുകൂടാ. അവരോട് അവഗണനയും വെറുപ്പും.

മരുമകൾ ഒരു ദിവസം തുറന്നടിച്ചു. 'എനിക്ക് ഇവർക്ക് വച്ചുവിളമ്പാനും ഇവരെ നോക്കാനും ഇനി വയ്യ...'

മകൻ അച്ഛനോട് പറഞ്ഞു

'ഒരു കാര്യം ചെയ്യാം. അച്ഛനെ ഞങ്ങൾ നോക്കാം. അമ്മയെ ചേട്ടൻ കൊണ്ടുപോകട്ടെ. ചേട്ടനും ഉത്തരവാദിത്തമുണ്ടല്ലോ.'

ചേട്ടനെ വിളിച്ചു. ചേട്ടൻ പറഞ്ഞു.

'ശരി ഞാൻ സമ്മതിച്ചിരിക്കുന്നു. അമ്മച്ചിയെ ഞാൻ കൊണ്ടുപോകാം ഒരു വ്യവസ്ഥയിൽ'

'എന്തു വ്യവസ്ഥ?'

'വീടും പറമ്പും രണ്ടായി ഭാഗം വയ്ക്കണം. ഇതാണ് വ്യവസ്ഥ. അച്ഛന് സമ്മതമാണോ?'

'സമ്മതമാണ്. ഞാനും ഒരു വ്യവസ്ഥ വയ്ക്കുന്നു. സ്വത്തുവകകൾ തുല്യാവകാശപ്പെട്ടതുപോലെ, മാതാപിതാക്കളും മക്കൾക്ക് തുല്യമായി അവകാശപ്പെട്ടതാണ്. അതുകൊണ്ട് അച്ഛനേയും അമ്മയേയും നിങ്ങൾ തുല്യമായി പങ്കുവയ്ക്കണം. എങ്ങനെ?'

ഇരുവരും ഒരുമിച്ചു ചോദിച്ചു.

'അച്ഛനെ രണ്ടായി ഭാഗിക്കണം. എന്നുവെച്ചാൽ മുറിക്കണം. ഒരു ഭാഗം ചേട്ടനും മറുഭാഗം അനിയനും. അതുപോലെ അമ്മച്ചിയേയും. എന്താ സമ്മതമാണോ?'

മക്കൾ തലകുനിച്ചു!!



# എഴുത്തച്ഛൻ കേരളത്തിന്റെ ആത്മീയൈക്യത്തിന്റെ ആചാര്യൻ

**തു**ഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനെ കേരളം എന്നും ആദരിക്കുന്നത് ഭാഷാപിതാവ് എന്ന നിലയിലാണ്. എന്നാൽ അതിനൊക്കെ ഉപരിയാണ് ഈ ഗുരുകുലവര്യന്റെ സംഭാവനകൾ. വളരെ പ്രാകൃതവും ലജ്ജാവഹവുമായ ഒരു സംസ്കാരവ്യാപനം കേരളത്തിലെമ്പാടും നിറഞ്ഞുനിന്ന ഒരു കാലഘട്ടമായിരുന്നല്ലോ പതിനാറാം നൂറ്റാണ്ട്. ചാതുർവർണ്ണ്യത്തിന്റേയും ഫ്യൂഡലിസത്തിന്റെയും കരാളകാപാലിക ബൗദ്ധികത കേരളത്തിന്റെ സാംസ്കാരികധാരയെ വികൃതമാക്കിയിരുന്ന ഒരു കാലമായിരുന്നു അത്. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തത്ത്വം ബ്രിട്ടീഷുകാർക്കുമുമ്പുതന്നെ ഇന്ത്യയിലെമ്പാടും ആര്യന്മാർ അടിച്ചേൽപ്പിച്ചിരുന്നു. ദ്രാവിഡസംസ്കാരത്തിൽ നിന്നും ഉടലെടുത്ത അതിശക്തമായ ഒരു ജനസമൂഹത്തെയാണ് സ്വാർത്ഥതയ്ക്കും സുഖലോലുപതയ്ക്കും വേണ്ടി അവർ പല തട്ടുകളിലാക്കിയത്. ഇത് അക്കാലയളവിൽ തന്നെ ഭാരതത്തിലെ ഹിന്ദുത്വത്തെ വിഘടിപ്പിക്കുവാനും അതുവരെ ഉണ്ടായിരുന്ന ഒരു ഏകീകൃത മാനവിക കൂട്ടായ്മ നഷ്ടപ്പെടാനും ഇടയായി. സംഘടിത ശക്തിയായി നിന്നുകൊണ്ട് അനീതികളെ തിരിച്ചറിഞ്ഞ് എതിർക്കാനുള്ള ശക്തി അതോടെ സാധാരണ ജനതയ്ക്കു നഷ്ടമായി. മാത്രമല്ല, ജ്ഞാനാർജ്ജനത്തിനുള്ള പഴുതുകൾ ഉപരിവർഗ്ഗത്തിന്റെ കുത്തകയായതും സംഘടിത ഹിന്ദുത്വത്തെ നാശോന്മുഖമാക്കി. ഇത്തരമൊരു അവസ്ഥാവിശേഷം സംജാതമായ കാലയളവിൽ ഭാരതത്തിലോ കേരളത്തിലോ ആര്യവത്ക്കരണത്തിന്റെ ദൂഷിത സൃഷ്ടിയായി വന്നുചേർന്ന അവസ്ഥാന്തരങ്ങളല്ലാതെ മറ്റ് മതവിഭാഗങ്ങളൊന്നും തന്നെ ഇവിടെ ശക്തമായിരുന്നില്ല.

കേരളത്തിലെ ഹിന്ദുത്വം വിഘടിതമാകുന്നതിന്റെ അതിതിക്തഫലങ്ങളെക്കുറിച്ച് തികച്ചും ബോധവാനായിരുന്നു തുഞ്ചത്താചാര്യൻ എന്നു വ്യക്തമാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ദീർഘവീക്ഷണമുള്ള സാഹിത്യസംഭാവനകൾ. കേവലം മലയാളഭാഷയുടെ സമസ്ത ശക്തികളേയും ആവാഹിക്കുന്ന ഒരു ഭാഷാക്രമത്തെ സൃഷ്ടിക്കുക മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. മറിച്ച് ആ കാലയളവുമുതൽ വിഘടിതമായിപ്പോയ ഹിന്ദുത്വത്തെ ആത്മീയതയിലൂടെ ഏകീകരിക്കുകയായിരുന്നു ആ ദാർശനികന്റെ ലക്ഷ്യം.

ഈ ലക്ഷ്യം സഫലമാക്കുവാനായിരുന്നു സത്യത്തിൽ അദ്ദേഹം ഭാരതത്തിന്റെ തന്നെ ആത്മാവിൽ അതിശക്തമായ ചലനങ്ങൾ സൃഷ്ടിച്ച മൂന്നു ക്ലാസിക് രചനകൾ മലയാളികളുടെ മുമ്പിൽ സമർപ്പിച്ചത്. അങ്ങനെ അദ്ദേഹം മഹാഭാരതം കിളിപ്പാട്ടും, അദ്ധ്യാത്മരാമായണം കിളിപ്പാട്ടും, ഭാഗവതം കിളിപ്പാട്ടും കേരളത്തിന്റെ സാംസ്കാരിക ആത്മീയ മണ്ഡലത്തിന്റെ ഉന്നതിക്കുവേണ്ടി സമർപ്പിച്ചു. ഒരർത്ഥത്തിൽ ശ്രീനാരായണഗുരുവിനും ചട്ടമ്പിസ്വാമികൾക്കും ആത്മീയദർശനത്തിന്റെയും സാംസ്കാരിക ഔന്നത്യത്തിന്റെയും പടവുകൾ ബോധ്യപ്പെടുത്തി കൊടുത്തതിൽ എഴുത്തച്ഛനു ഒരു വലിയ സ്ഥാനമുണ്ട് എന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല.

ആത്മീയധാരയിലൂടെ കേരളത്തിനെ സംസ്കരിക്കുക എന്ന ദൗത്യം എഴുത്തച്ഛന്റെ കർമ്മപദ്ധതിയുടെ ഒരു ഭാഗം മാത്രമായിരുന്നു. എന്നാൽ തന്റെ കൃതികളിലൂടെ ഒരു ഐക്യവുമില്ലാതിരുന്ന കേരളീയ ഹിന്ദുത്വത്തെ ഒരു ചരടിൽ കോർത്തമാല എന്നവിധം ഒരുമിപ്പിക്കുകയായിരുന്നു അദ്ദേഹം ചെയ്തത്. അദ്ദേഹത്തിന്റെ ഓരോ സൃഷ്ടികളും ഇതിന് ഉത്തമ ദൃഷ്ടാന്തമാണ്. അതുമാത്രമല്ല, ഈ മൂന്നു കൃതികളും കേരളത്തിന്റെ കാലാതീതമായ ജനസംസ്കാരത്തിൽ അതിശക്തമായി സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു. എഴുത്തച്ഛന്റെ കൃതികൾ പലതലത്തിൽനിന്നും നോക്കിക്കണ്ടവർ അടിസ്ഥാനപരമായി അദ്ദേഹം ചെയ്ത ഒരു മഹത്കർമ്മത്തെ വിസ്മരിച്ചുപോയി. അതു മറ്റൊന്നുമല്ല ഗോകർണ്ണം മുതൽ കന്യാകുമാരിവരെയുള്ള ഹൈന്ദവരുടെ ഏകീകരണമായിരുന്നു.

ഭാഷയും സാഹിത്യവും എപ്രകാരം മനുഷ്യപരമ്പരകളെ ദേശപരമായും ദാർശനികമായും സ്വാധീനിക്കുന്നു എന്നതിന്റെ ചരിത്രം കൂടിയാണ് യഥാർത്ഥത്തിൽ എഴുത്തച്ഛന്റെ കൃതികൾ. ഈ കൃതികളിലൂടെയും അതിന്റെ വായനയിലൂടെയും തട്ടുതട്ടായി വേർതിരിച്ചു നിർത്തിയ ഹിന്ദുത്വത്തിന്റെ മനോമണ്ഡലങ്ങളെ ഏകസ്ഥാനത്തുനിന്ന് ചിന്തിക്കത്തക്കവണ്ണം ആക്കിയെടുത്തു. അദ്ദേഹം ഈ പ്രവൃത്തി ചെയ്തത്, ശൂദ്രന് അക്ഷരം പ്രാപ്തമാക്കാൻ ഒരു പഴുതും ഇല്ലാതിരുന്ന കാലത്താണ് എന്നത് ഓർക്കണം. അദ്ദേഹത്തിന്റെ വിപ്ലവം അവിടെ നിന്നാണ് ആരംഭിക്കുന്നത്. തന്റെ ചക്കിൽ 'നാലും ആറും' ആടുമെന്ന് മറുപടി കൊടുക്കുവാൻ പോരുന്ന വ്യക്തിസത്തയും പുരോഗമന വാഞ്ഛയും അദ്ദേഹത്തിനുണ്ടായിരുന്നു എന്നു വ്യക്തമാണ്. ഏതായാലും അക്കാലത്ത് ബ്രാഹ്മണർക്കുമാത്രം പ്രാപ്യമായിരുന്ന സംസ്കൃത ഭാഷ സ്വായത്തമാക്കുകയാണ് അദ്ദേഹം ആദ്യം ചെയ്തത്. അതെങ്ങനെ കേരളത്തിന്റെ വിഘടിതജനവിഭാഗത്തിന് പ്രയോജനപ്പെടുത്തണം എന്നതായിരുന്നു അദ്ദേഹത്തിന്റെ അടുത്ത ചിന്ത. ഇതിന്റെ ഫലമായിരുന്നു കേരളം മുഴുവനുള്ള ഹിന്ദു കുടുംബങ്ങളിലും ഹിന്ദു ക്ഷേത്രങ്ങളിലും ഇന്ന് പാരായണം ചെയ്യപ്പെടുന്ന രാമായണാദി കൃതികൾ.

ഇതിനദ്ദേഹം ആദ്യമായി ചെയ്തത് അന്നത്തെ സാധാരണ കേരളീയന് പ്രാപ്തമായിരുന്ന കിളിപ്പാട്ടുമായി തന്റെ കൃതികളെ ബന്ധിപ്പിക്കുകയായിരുന്നു. പാട്ടു പ്രസ്ഥാനത്തിലെ കൃതികൾ എല്ലാംതന്നെ ഊഴിയിൽ ചെറിയവർക്കുവേണ്ടി എഴുതപ്പെട്ടതായിരുന്നുവല്ലോ. അതുകൊണ്ടുതന്നെയാണ് തനിക്കു മുന്നേപോയ രാമചരിതകാരൻ, കണ്ണശ്ശന്മാർ എന്നിവരുടെ പാതയിൽ നിന്നുകൊണ്ട് പാട്ട് എന്ന പ്രസ്ഥാനത്തെ അദ്ദേഹം സ്വയം സൃഷ്ടിച്ചത്. ഉപരിവർഗ്ഗമായിരുന്നില്ല എഴുത്തച്ഛന്റെ പരമോന്നതലക്ഷ്യം. അതിനു താഴെയുള്ള സകല കേരളീയരേയും തന്റെ ജ്ഞാനധാരയിൽ മുക്കി പവിത്രമാക്കി ഒന്നിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതു സഫലമായത് അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട്, ഭാഗവതം കിളിപ്പാട്ട് എന്നീ ഗ്രന്ഥങ്ങളിലൂടെയായിരുന്നു എന്നു മാത്രം. കർക്കിടകമാസത്തിൽ കേരളത്തിലെ പൂജനീയമായ ആത്മീയാന്തരീക്ഷത്തിൽ രാമായണം എന്ന പവിത്രഗ്രന്ഥം ഇന്നും വായിക്കപ്പെടുന്നു. ലോകത്തൊരിടത്തും ഇത്രയധികം ദിവസം വായിക്കപ്പെടുന്ന ഒരു മതഗ്രന്ഥം ഉണ്ടെന്നു തോന്നുന്നില്ല. ആത്മീയഭാവത്തിന്റെ വെന്നിക്കൊടിയാണ് ഈ കൃതി. മലയാളി ഏകഭാവനയോടും ഭക്തിഭാവത്തോടും കർക്കിടകം ഒന്നുമുതൽ മുപ്പത്തിയൊന്നുദിവസം അനുഷ്ഠാനങ്ങളോടും ആചാരങ്ങളോടും കൂടി സമീപിക്കുന്ന ഈ ഗ്രന്ഥത്തിനു സമാനമായി മറ്റൊന്നും ഉണ്ടാവുകയില്ല.

ഹിന്ദുത്വത്തിന്റെ ബോധാവബോധങ്ങളെ ആത്മീയതലത്തിൽ സംസ്കരിക്കുന്നതിനും ഒരു സമാനമാനസികാവസ്ഥ അവരിൽ രൂപീകരിക്കുന്നതിനും ഈ കൃതി വഹിച്ച പങ്കിനെക്കുറിച്ച് നമ്മുടെ നിരൂപകന്മാർ വളരെയൊന്നും ആലോചിച്ചിട്ടില്ല. ഈ കൃതിയിലൂടെ എഴുത്തച്ഛൻ കൂട്ടിയിണക്കിയത് ഹൈന്ദവ സംസ്കാരത്തെയാണ്. അതി ന്റെ ശക്തി അന്നും ഇന്നും എന്നും ഭാഷയുള്ളിടത്തോളം നിലനിൽക്കുകതന്നെ ചെയ്യും.

ഭാഗവതം കിളിപ്പാട്ടും ഇതിൽനിന്നും വ്യത്യസ്തമല്ല. കൃഷ്ണൻ ആര്യവംശത്തിന്റെ പരിഛേദമല്ല മറിച്ച് ദ്രാവിഡ ഗോത്രത്തിന്റെ വിസ് മയ സ്വരൂപമാണ്. ആ സ്വരൂപത്തെയാണ് എഴുത്തച്ഛൻ ഭാഗവതം കിളിപ്പാട്ടിലൂടെ കേരളസമൂഹത്തിന് സമ്മാനിച്ചത്. കൃഷ്ണചൈതന്യത്തിന്റെ ആന്തരികസത്യങ്ങളെ വെളിപ്പെടുത്തുന്ന ഈ മഹത് ഗ്രന്ഥവും മുഴുവൻ ഹിന്ദുക്കളുടെയും പ്രാർത്ഥനാഗ്രന്ഥമാണ്. ഈ കൃതിയിലൂടെയും എഴുത്തച്ഛൻ ഹൈന്ദവ ഏകീകരണം തന്നെയാണ് പുനഃസ്ഥാപിച്ചത്. ഈ ഒരർത്ഥത്തിലാണ് എഴുത്തച്ഛനെ കേരളത്തിന്റെ ആത്മീയൈക്യത്തിന്റെ ആചാര്യൻ എന്ന് വിശേഷിപ്പിക്കേണ്ടത്.

# ചിരിവരയുടെ 9-പുരാണ ക്വിലാ റോഡ്



എന്റെ ഓർമ്മക്കുറിപ്പുകൾ എഴുതാനുള്ള ശ്രമത്തിനിടയിലാണ് തീരെ പ്രതീക്ഷിക്കാതെ ഇങ്ങനെയൊരു പുസ്തകത്തിന്റെ പിറവി ഉണ്ടായത്. ഓർമ്മക്കുറിപ്പുകൾ എഴുതിത്തുടങ്ങിയെങ്കിലും അത് പൂർത്തീകരിക്കാൻ പറ്റാത്ത അവസ്ഥയിലാണ്. പലതും തുറന്ന് എഴുതുമ്പോൾ രാഷ്ട്രീയ-സിനിമ-മാധ്യമ രംഗത്തുള്ള, ഇണങ്ങിക്കഴിയുന്ന സ്നേഹിതരിൽ പലരും ശത്രുക്കളായി മാറുമോ എന്ന ചിന്തയാണ് മനസ്സിലുള്ളത്. ഏതായാലും, പല കാലങ്ങളിലായി എഴുതിയ കാര്യങ്ങൾ ഇപ്പോൾ ചെറിയ ഒരു പുസ്തകമാക്കി പുറത്തിറക്കുകയാണ്- ഓർമ്മക്കുറിപ്പുകൾക്കു മുമ്പായി ഒരു പൈലറ്റ് വാഹനം ഓടിപ്പോകുന്നെന്നുമാത്രം. ഇതിൽ ചേർത്തിട്ടുള്ള മുപ്പത്തിമൂന്ന് കുറിപ്പുകളിലും രസകരമായ മുഹൂർത്തങ്ങളുണ്ടെന്നാണ് എന്റെ വിശ്വാസം. അത്യപൂർവ്വങ്ങളായ ഒട്ടേറെ ചിത്രങ്ങളും ചേർത്തിട്ടുണ്ട്. കാർട്ടൂണുകളും വരച്ചിട്ടുണ്ട്.

കുട്ടികൾക്കും, സിനിമകൾക്കും പേരിടുന്നതുപോലെയാണ് പുസ്തകത്തിന്റെ പേരിനുവേണ്ടിയുള്ള ഓട്ടം. ഞാൻ ഈ പുസ്തകത്തിന് തെരഞ്ഞെടുത്തിരിക്കുന്ന പേര് 9-പുരാണക്വിലാ റോഡ് എന്നാണ്. ഇതെന്താണെന്ന് പലരും എന്നോടു ചോദിച്ചു. ഡൽഹിയിലെ പുരാണക്വിലാ റോഡിലെ ഒൻപതാം നമ്പർ ബംഗ്ലാവ്. ലോകപ്രശസ്ത കാർട്ടൂണിസ്റ്റും, എന്റെ ഗുരുവുമായ കാർട്ടൂണിസ്റ്റ് ശങ്കർ വർഷങ്ങളോളം താമസിച്ച ഡൽഹിയിലെ ബംഗ്ലാവ്.

പുരാണക്വിലാ ഒരു ചെറിയ കോട്ടയാണ്. ചുണ്ണാമ്പും, കരിക്കിൻവെള്ളവും കൂട്ടിച്ചേർത്ത് ഉണ്ടാക്കിയതാണിത്. അന്നു ഡൽഹിയിൽ മന്ത്രിമാരും, സിനിമാക്കാരും കുറവായിരുന്നതിനാൽ കരിക്കിൻ വെള്ളം സുലഭമായി ലഭിക്കുമായിരുന്നു. ഇന്നാണെങ്കിൽ കരിക്കിൻവെള്ളം ഉപയോഗിച്ചുള്ള നിർമ്മാണം അവിടെ അസാധ്യമാണ്. ദേശീയ അന്തർദേശീയ തലത്തിൽ പ്രശസ്തരായ വ്യക്തികളും, ഭരണാധികാരികളും, കലാകാരന്മാരും കയറിയിറങ്ങിയ വീടാണ് ശങ്കറിന്റേത്. ലാൽബഹദൂർ ശാസ്ത്രി, വി.കെ.കൃഷ്ണമേനോൻ, യൂഗ്ലോസ്ലാവിയൻ പ്രസിഡന്റ് ടിറ്റോ, കേന്ദ്രമന്ത്രിമാർ, എം.പിമാർ തുടങ്ങി എത്രയോ പ്രശസ്തരെ പരിചയപ്പെടാൻ എനിക്ക് അവിടെവെച്ച് അവസരം കിട്ടി. ഹോങ്കോങ്ങുകാരനായ പ്രശസ്ത കാർട്ടൂണിസ്റ്റ് ജാസ്, സിനിമാനടന്മാരായ സത്യൻ, കൊട്ടാരക്കര, മധു, രാമൂ കാര്യാട്ട് എന്നിവരേയും അവിടെവെച്ചാണ് പരിചയപ്പെടുന്നത്.

1963ലാണ് ഞാൻ ഡൽഹിയിലെത്തുന്നത്. സിനിമാശാലയായ ഓഡിയനിന്റെ മുകളിൽ നാലാമത്തെ നിലയിലാണു ശങ്കേഴ്സ് വീക്കിലിയുടെ ഓഫീസ് പ്രവർത്തിക്കുന്നത്. അതിനടുത്ത് തിയേറ്റർ കമ്യൂണിക്കേഷൻ ബിൽഡിംഗിന്റെ താഴത്തെ നിലയിൽ ശങ്കറിന്റെ ഓഫീസ്. എല്ലാദിവസവും നെഹ്റു "ശങ്കേഴ്സ് വീക്കിലി" സന്ദർശിക്കാറുണ്ടെന്നു കേട്ടിരുന്നുവെങ്കിലും അത് ശരിയല്ലെന്ന് ഡൽഹിയിൽ ചെന്നപ്പോൾ അറിയാൻ കഴിഞ്ഞു. നെഹ്റു അവിടെ വരാറില്ലായിരുന്നുവെങ്കിലും എല്ലാദിവസവും ശങ്കറുമായി ബന്ധപ്പെടുമായിരുന്നു. വീക്കിലിയെ പറ്റിയുള്ള അഭിപ്രായങ്ങൾ, രാഷ്ട്രീയ സംഭവങ്ങൾ, കുടുംബവിശേഷങ്ങൾ എന്നിവയായിരുന്നു അവരുടെ ചർച്ചാവിഷയങ്ങൾ. ഒരു മുന്നറിയിപ്പുമില്ലാതെ നെഹ്റു ശങ്കറിന്റെ വീട്ടിലെത്തുമായിരുന്നു. വിശിഷ്ടവ്യക്തികളെ വീട്ടിലേക്കു ക്ഷണിച്ചുവരുത്തുക, വിഭവസമൃദ്ധമായ സദ്യകൊടുക്കുക എന്നിവ നിത്യസംഭവങ്ങളായിരുന്നു. പല ദിവസങ്ങളിലും ഇത്തരം ആഘോഷങ്ങൾ രാത്രി 12 മണിവരെ നീണ്ടുനില്ക്കും. എന്നാൽ കൃത്യം 10 മണിക്കു തന്നെ ശങ്കർ ഉറങ്ങാൻ പോകും. ഇന്ദിരാഗാന്ധിയും, രാജീവ് ഗാന്ധിയും, സഞ്ജയ്ഗാന്ധിയും ഒരുമിച്ച് ശങ്കറിന്റെ വീട്ടിലെ സൽക്കാരത്തിന് ഒരു വൈകുന്നേരം എത്തിയത് ഞാൻ ഓർക്കുന്നു. ചെടിച്ചട്ടികളും, പൂക്കളും തട്ടിത്തെറിപ്പിച്ച് ബഹളം വെച്ചുകൊണ്ട് ഓടിനടക്കുന്ന സഞ്ജയ്ഗാന്ധി. അത് തടയാനായി പിന്നാലെ ഓടിനടക്കുന്ന രാജീവ് ഗാന്ധി. തൊട്ടുപിന്നാലെ, ഒരറിയിപ്പുമില്ലാതെ നെഹ്റുവുമെത്തി- സൽക്കാരത്തിനു വിളിക്കാത്തതിന്റെ പരിഭവത്തോടെ. പ്രധാനമന്ത്രിയായ ശേഷം ഇന്ദിരാഗാന്ധി ഒരിക്കൽ ശങ്കറിനെ കാണാനെത്തിയപ്പോൾ പ്രസിൽ തെന്നിവീഴുന്നതും എനിക്കു കാണേണ്ടിവന്നു.

വെറുതേ ഇരിക്കുമ്പോൾ എളുപ്പമുള്ള മുഖങ്ങൾ ഏതെങ്കിലും വരച്ചുകൊണ്ടിരിക്കണമെന്ന് ശങ്കർ ഉപദേശിക്കുമായിരുന്നു. നെഹ്റുവിന്റേയും, ഇന്ദിരാഗാന്ധിയുടേയും മുഖങ്ങൾ വളരെ എളുപ്പം വരയ്ക്കാൻ പറ്റുന്നവയാണ്. ഇയ്യിടെയായി ഞാൻ എപ്പോഴും വരയ്ക്കുന്ന മുഖം രമേശ് ചെന്നിത്തലയുടേതാണ്. എന്നും ഞാൻ അദ്ദേഹത്തിന്റെ മുഖം വരയ്ക്കാറുണ്ട്. നമ്മുടെ വിശിഷ്ടാതിഥിയായി ഇവിടെ എത്തിയിട്ടുള്ള മമ്മൂട്ടിയുടെ മുഖം വരയ്ക്കാൻ അത്ര എളുപ്പമല്ല. ബുദ്ധിമുട്ടാണ്. ബ്രഷിനോട് ഇണക്കം കാണിക്കുന്ന മുഖമാണ് ചെന്നിത്തലയുടേത്. അദ്ദേഹത്തെ വരയ്ക്കുമ്പോൾ ഉച്ചിയിൽ പൊങ്ങിനില്ക്കുന്ന ഒന്നുരണ്ടുമുടി കൂടി ഞാൻ വരയ്ക്കാറുണ്ട്. കാർട്ടൂണിസ്റ്റുകൾക്ക് സൂക്ഷ്മനിരീക്ഷണം ആവശ്യമാണ്. കരുണാകരനെ വരയ്ക്കുമ്പോൾ കവിളത്ത് ആ മറുകില്ലെങ്കിൽ അതു കരുണാകരനാവില്ല. ഒരിക്കൽ കെ.വി.തോമസ് മാഷ് കരുണാകരനെപ്പറ്റി രചിച്ച ഒരു പുസ്തകത്തിന് കവർചിത്രം വേണ്ടിവന്നു. അദ്ദേഹം ഒരു ആർട്ടിസ്റ്റിനെക്കൊണ്ട് ചിത്രം വരച്ച് അതു കാണിക്കാനായി ലീഡറിന്റെ അടുത്തു ചെന്നു. അത് ലീഡറിന് ഒട്ടും ഇഷ്ടമായില്ല. അതിനുശേഷം തോമസ് മാഷ് എന്നെക്കൊണ്ട് ഒരു ചിത്രം വരപ്പിച്ച് വീണ്ടും ലീഡറിനെ കാണിച്ചു. അതു കണ്ടിട്ട് ലീഡർ പറഞ്ഞത് 'എന്റെ പടം യേശുദാസൻ തന്നെ വരയ്ക്കണ'മെന്നാണ്. ആ സംഭവം അഭിമാനത്തോടെ ഞാനോർക്കുന്നു.

നെഹ്റുവിന്റെയും, ഇന്ദിരാഗാന്ധിയുടെയും മുഖംപോലെ കേരളത്തിൽ വരയ്ക്കാൻ എളുപ്പമുള്ള മൂന്നു മുഖങ്ങളുണ്ട്. ഇ.എം.എസ്, കരുണാകരൻ, നായനാർ. ഇവരുടെ മുഖങ്ങൾ കൊച്ചുകുട്ടികൾക്കുപോലും അനായാസം വരയ്ക്കാം. മന്ത്രിസഭ അഴിച്ചുപണിയുകയും, പുതിയ മന്ത്രിസഭ രൂപീകരിക്കുകയും ചെയ്യുമ്പോൾ വരയ്ക്കാനെളുപ്പമുള്ള മുഖങ്ങൾ ഉൾക്കൊള്ളിക്കുവാൻ ബന്ധപ്പെട്ട രാഷ്ട്രീയകക്ഷികൾ ഇനി മേലിൽ ശ്രമിച്ചാൽ കൊള്ളാം. വേണമെങ്കിൽ ആരൊക്കെ വേണമെന്നു നിർദ്ദേശവും കാർട്ടൂണിസ്റ്റുകൾ കൊടുക്കാം. ചില മുഖങ്ങൾ വരയ്ക്കാൻ വലിയ ബുദ്ധിമുട്ടാണ്. മൊറാർജി ദേശായിയുടെ മുഖം എളുപ്പം വരയ്ക്കാമെങ്കിലും ശങ്കറിന് മൊറാർജിയേയും, മൊറാർജിക്കു ശങ്കറിനെയും ഇഷ്ടമായിരുന്നില്ല. അതിനാൽ മൊറാർജിയുടെ അധികം ചിത്രങ്ങൾ അദ്ദേഹം വരച്ചിട്ടില്ല. ചെറിയ കാര്യങ്ങൾ പോലും കൃത്യതയോടെ ചിത്രത്തിൽ ഉണ്ടാകണമെന്ന ശാഠ്യം ശങ്കറിനുണ്ടായിരുന്നു- മുടി മുതൽ നഖം വരെ കൃത്യമായിരിക്കണം.

കേരള മന്ത്രിസഭയിൽ വരയ്ക്കാൻ എളുപ്പമുള്ള മുഖങ്ങൾ ഉമ്മൻചാണ്ടിയുടേതും, രമേശ് ചെന്നിത്തലയുടേതും മാത്രമാണ്. മുനീറും, മാണിസാറും തൊട്ടടുത്തുനില്ക്കും. കറുത്ത ഷർട്ടുവരച്ചാൽ മുനീറിന്റെ തൊണ്ണൂറുശതമാനമായി. ബാക്കി മുഖങ്ങൾ വരച്ചൊപ്പിക്കുവാൻ കാർട്ടൂണിസ്റ്റുകൾ വേദന സഹിക്കുകയാണ്. അതിനാൽ ഇനിമേലിലെങ്കിലും നല്ല മുഖങ്ങളുള്ള മന്ത്രിമാർ കേരളത്തിലുണ്ടാകണം എന്നാണ് എന്റെ അഭിപ്രായം.

1979 മുതൽ മമ്മൂട്ടിയുമായി എനിക്കു ബന്ധമുണ്ട്. ഞങ്ങൾ ചിരകാല സുഹൃത്തുക്കളാണ്. കുറേക്കാലം തിരക്കുകൾ കാരണം വലിയ അടുപ്പം ഉണ്ടായിരുന്നില്ല. അദ്ദേഹത്തെ പുകഴ്ത്തിയും, വിമർശിച്ചും കൊണ്ട് ഞാൻ ധാരാളം എഴുതിയിട്ടുണ്ടെങ്കിലും അതെല്ലാം നിറഞ്ഞ മനസ്സോടെ സ്വീകരിക്കുന്ന പ്രകൃതമാണ് അദ്ദേഹത്തിന്റേത്. പഴയ അസാധു, കട്ട്-കട്ട് മാതൃകയിൽ ഓൺലൈനായി ഒരു പ്രസിദ്ധീകരണം തുടങ്ങുന്നതിനെപ്പറ്റി ഞങ്ങൾ ചിന്തിച്ചിട്ടുണ്ടെങ്കിലും എന്നു നടക്കും എന്നതിനെപ്പറ്റി ഒന്നും പറയാറായിട്ടില്ല. അദ്ദേഹത്തിന്റെ ട്രീ-ചലഞ്ച് എന്ന പരിപാടി ഇതിനോടകം ജനശ്രദ്ധ നേടിക്കഴിഞ്ഞു. വേദിയിലുള്ള മുൻസ്പീക്കർ എ.സി.ജോസും എന്റെ ബാല്യകാലസുഹൃത്തും, സഹപാഠിയുമാണ്. ഞങ്ങൾ ഒരുമിച്ച് ഒരുപാടുമേഖലകളിൽ പ്രവർത്തിക്കുകയും, സൗഹൃദം പങ്കിടുകയും ചെയ്തിട്ടുണ്ട്.

'വരകളിലെ നായനാർ' എന്ന എന്റെ പുസ്തകം ഉണ്ടാകുവാനുള്ള പ്രധാന പ്രേരകശക്തി ഇന്നിവിടെ എത്തിയിട്ടുള്ള ഈ.കെ.നായനാരുടെ പ്രിയപത്നിയായിട്ടുള്ള ശാരദ ടീച്ചറാണ്. നായനാരെ ഞാൻ ആദ്യമായി പരിചയപ്പെടുന്നത് എന്നാണെന്ന് ഓർക്കുന്നില്ല. മുഖ്യമന്ത്രിയായിരുന്നപ്പോഴും പ്രതിപക്ഷ നേതാവായിരുന്നപ്പോഴും അദ്ദേഹത്തെ സൗകര്യം കിട്ടുമ്പോഴെല്ലാം ഞാൻ സന്ദർശിക്കുമായിരുന്നു. കടുത്ത പ്രമേഹരോഗിയായിരുന്നു എങ്കിലും നായനാരുടെ ഇഷ്ടഭക്ഷണം ഐസ്ക്രീമായിരുന്നു. നായനാരുടെ വീട്ടിൽ അദ്ദേഹത്തിന്റെ മുറിയിൽ ഒഴിഞ്ഞ ഐസ്ക്രീം കപ്പുകൾ കുന്നുപോലെ കൂട്ടിയിട്ടിരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. കാർട്ടൂൺ ആസ്വദിക്കുന്ന ആളായിരുന്നു അദ്ദേഹം.

എന്റെ മകന്റെ വിവാഹത്തിന് ക്ഷണിക്കാനായി, നേരത്തെ അറിയിച്ചതിനുശേഷം വീട്ടിൽ ചെന്നപ്പോൾ അവിടെ കണ്ട രംഗം അത്ഭുതപ്പെടുത്തുന്നതായിരുന്നു. നായനാരുടെ വീടിന്റെ മുറ്റം നിറയെ ജനം. അകത്തെ മുറിയിലും ഒത്തിരി ആളുകൾ. കൊച്ചുകുട്ടികൾ. ഞാൻ ചെന്നപ്പോൾ നായനാർ പൊട്ടിച്ചിരിച്ചുകൊണ്ടു പറയുകയാണ് "എന്നെ വരച്ച് കോപ്രായങ്ങൾ കാണിക്കുന്ന കാർട്ടൂണിസ്റ്റ് ഇപ്പോൾ വരുമെന്നു ഞാൻ പറഞ്ഞു. കൊച്ചുമക്കളെ പോലും സ്കൂളിൽ വിടാതെ പിടിച്ചു നിർത്തിയിരിക്കുകയാണ് ഞാൻ." സംസാരിച്ചിരിക്കവേ ശാരദടീച്ചർ അകത്തുപോയി ഒരു നോട്ടുബുക്കുമായി തിരിച്ചെത്തി. അതിൽ ഞാൻ വരച്ച ധാരാളം നായനാർ കാർട്ടൂണുകൾ ഭംഗിയായി ഒട്ടിച്ചുവെച്ചിരിക്കുന്നു.

അദ്ദേഹം മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഞാൻ വരച്ച ഒരു കാർട്ടൂൺ അല്പം വിവാദമായി. മാർക്സിസ്റ്റ് പാർട്ടിയുടെ പൊലീസ് ഭരണമായിരുന്നു വിഷയം. തലയിൽ കെട്ടുകെട്ടി, വിരലുകൾക്കിടയിൽ ബീഡി തിരുകി, ചുവന്ന ഷർട്ടിട്ട തൊഴിലാളി സഖാവ്, ലുങ്കി മടക്കിക്കുത്തി കാലുകൾ രണ്ടും പൊലീസ് സ്റ്റേഷനിലെ മേശപ്പുറത്ത് കയറ്റിവെച്ച് കസേരയിൽ ഇരിക്കുന്നു. മേശയുടെ മുന്നിൽ തൊഴിലാളി നേതാവിനെ ഭവ്യതയോടെ തൊഴുതു നില്ക്കുന്ന പൊലീസുകാരൻ. കാക്കിയ്ക്കുള്ളിലെ വ്യക്തി മറ്റാരുമല്ല- നായനാർ. എറണാകുളത്തെ നോർത്ത് പാലത്തിലൂടെ ഞാൻ പോകുമ്പോൾ- ഒരു പൊതുയോഗത്തിൽ നായനാർ പ്രസംഗിക്കുകയാണ്. ഈ കാർട്ടൂണാണ് വിഷയം. കാർട്ടൂണിനേയും, കാർട്ടൂണിസ്റ്റിനേയും അദ്ദേഹം കടുത്ത ഭാഷയിൽ ആക്രമിക്കുകയാണ്. എനിക്കു വിഷമം തോന്നി. പിന്നീട് കണ്ടപ്പോൾ ഞാൻ അതിനെപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി എന്നെ അത്ഭുതപ്പെടുത്തി. "അത് ഒന്നാം തരം സാധനമായിരുന്നെടോ" എന്നാണദ്ദേഹം പറഞ്ഞത്. എന്തു വരച്ചാലും ചിരിച്ചുകൊണ്ട് ഹൃദയം വിരിച്ചുതരുന്ന മാന്യനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന് വിമർശനം ഇഷ്ടമായിരുന്നു.

1963ൽ ഫരിദാബാദിൽ നടന്ന സമ്മേളനത്തിലാണ് ഡെമോക്രാറ്റിക് സോഷ്യലിസത്തെപ്പറ്റിയുള്ള ആദ്യത്തെ പ്രമേയം അവതരിപ്പിക്കുന്നത്. തൊട്ടടുത്ത ആഴ്ച ഇറങ്ങിയ ശങ്കേഴ്സ് വീക്കിലിയുടെ മുഖചിത്രം അതിനെപ്പറ്റിയായിരുന്നു. ഒരു ചതുരക്കട്ടയാകുന്ന ഡെമോക്രസിയുടെ ചതുര ദ്വാരത്തിലൂടെ സോഷ്യലിസമാകുന്ന ഒരു ഉരുണ്ട ഗോളം പ്രധാനമന്ത്രി നെഹ്റു കടത്തിവിടാൻ ശ്രമിക്കുന്നു. നെഹ്റുവിന്റെ തള്ളലിനു ശക്തിപകരാനായി മറ്റു കോൺഗ്രസ് നേതാക്കൾ അദ്ദേഹത്തിന്റെ പൃഷ്ടത്തിൽ തള്ളിക്കൊടുക്കുന്നു. നെഹ്റുവിന് അത് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം ഉടൻ തന്നെ ശങ്കറിനെ വിളിച്ചു. അവർ തമ്മിൽ തർക്കമായി. അതിനു ദൃക്സാക്ഷിയായി ഞാനും. ഒരു ഘട്ടത്തിൽ ശങ്കർ നെഹ്റുവിനോടു ചോദിച്ചു 'എങ്കിൽ പണ്ഡിറ്റ്ജീ, ഞാൻ കോൺഗ്രസിൽ ചേരട്ടെ?' അല്പം കഴിഞ്ഞ് ശങ്കർ എന്റെയടുത്തേക്കു വന്നു. ഉറക്കെ ചിരിച്ചുകൊണ്ട് പറഞ്ഞു. 'പണ്ഡിറ്റ്ജി കോപിച്ചിരിക്കുകയാ. ഞാൻ ചോദിച്ചു, ഞാൻ കോൺഗ്രസിൽ ചേരട്ടേയെന്ന്. അദ്ദേഹം എന്നോടു പറഞ്ഞു. അതു വേണ്ട. കോൺഗ്രസിൽ ചേരണ്ട... അപ്പോൾ നിങ്ങൾ കാർട്ടൂണിസ്റ്റല്ലായെന്ന്'. കാർട്ടൂണിസ്റ്റുകൾക്ക് രാഷ്ട്രീയം പാടില്ല എന്നാണ് നെഹ്റു പറഞ്ഞത്. പക്ഷെ, രാഷ്ട്രീയമില്ലാത്ത കാർട്ടൂണിസ്റ്റുകൾ ഇന്നെവിടെയുണ്ട്. എല്ലാ കാർട്ടൂണിസ്റ്റുകൾക്കും രാഷ്ട്രീയമുണ്ട് എന്നു പറയുന്നതാകും ഭംഗി.

